

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ഒക്ടോബർ 2020 വാല്യം 59 ലക്കം 10




നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
മോൺ. ഫ്രാൻസീസ് കീരംപാറ അച്ചന്
രൂപതാ കുടുംബത്തിന്റെ
തിരുനാൾ ആശംസകൾ

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ഒക്ടോബർ 2020 വാല്യം 59 ലക്കം 10

## ഉള്ളടക്കം





5 ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം 2020 ലോക മിഷൻ ദിനം
10 ആത്മീയ ശക്തീകരണ വർഷസമാപനവും ജപമാലമാസാചരണവും
14 രൂപതക്കച്ചേരി
15 മൈനർ സെമിനാരി
15 വിജ്ഞാനഭവൻ
18 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
19 സോഷ്യൽ സർവീസ്
22 ചെറുപുഷ്പ മിഷൻലീഗ്
25 കെ. സി. എസ്. എൽ.
26 ഫാമിലി അപ്പോസ്റ്റലേറ്റ്
28 മാതൃവേദി
29 ഡി. സി. എം. എസ്
29 ഡി. എഫ്. സി.
32 യുവദീപ്തി
35 ജീസസ് യൂത്ത്
36 കത്തോലിക്കാകോൺഗ്രസ്
38 അല്മായ ഫ്രാൻസിസ്കൻ സഭ
38 പ്രാർത്ഥനാഗ്രൂപ്പ്
39 കേരള ലേബർ മൂവ്മെന്റ്
41 തിരുനാൾ മംഗളങ്ങൾ
41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
42 നിര്യാതരായി


**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

# ഒക്ടോബർ

## തിരുനാളുകൾ



**01**
വി. കൊച്ചുത്രേസ്യ



**02**
കാവൽ മാലാഖ



**04**
വി. ഫ്രാൻസിസ് അസ്സീസി



**15**
ആവിലായിലെ വി. ത്രേസ്യ



**16**
വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ



**17**
അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്



**18**
വി. ലൂക്കാ




**28**
വി. ശിമയോൻ
വി. യൂദാതദേവൂസ്

Ref: 3355/K-5/KCBC/OL/DS 19/09/2020

# ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## 2020 ലോക മിഷൻ ദിനം

*ഇതാ ഞാൻ, എന്നെ അയച്ചാലും (ഏശയ്യാ 6:8)*

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബർ മാസം സഭ ലോകമെമ്പാടും 'അസാധാരണ മിഷനറിമാസ'മായി അതീവശുഷ്കാന്തിയോടെ ആചരിച്ചതിൽ ദൈവത്തിനു ഞാൻ നന്ദി പറയുന്നു. "സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന പ്രമേയത്തെ മുൻനിറുത്തി നടത്തിയ ഈ ആചരണം സമൂഹങ്ങളുടെ മിഷനറി മാനസാന്തരത്തിന് ഏറെ ഉണർവും ഉന്മേഷവും നൽകിയിട്ടുണ്ടെന്നതിൽ എനിക്ക് ഉറച്ച ബോധ്യമുണ്ട്.

കോവിഡ്-19 എന്ന മഹാമാരി വരുത്തിയ ക്ലേശങ്ങളും വെല്ലുവിളികളും കൊണ്ട് അടയാളപ്പെടുത്തപ്പെട്ട ഈ വർഷം സാർവത്രിക സഭ തന്റെ പ്രേഷിതയാത്ര തുടരുന്നത് "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശയ്യാ 6:8) എന്ന ഏശയ്യാ പ്രവാചകന്റെ തിരുവെഴുത്തു പ്രകാരമാണ്. "ഞാൻ ആരെ അയയ്ക്കും?" എന്ന കർത്താവിന്റെ ചോദ്യത്തിനുള്ള എക്കാലത്തെയും പ്രത്യുത്തരമാണിത്. ലോകത്തിന്റെ വർത്തമാനകാല പ്രതിസന്ധിയിൽ ദൈവത്തിന്റെ കരുണാർദ്രമായ ക്ഷണം സഭയ്ക്കും മനുഷ്യവർഗത്തിനൊട്ടാകെയും ഒരു വെല്ലുവിളിയാണ്. "സുവിശേഷത്തിലെ ശിഷ്യരെപ്പോലെ നമ്മളും അപ്രതീക്ഷിതവും ക്ഷോഭജനകവുമായ കൊടുങ്കാറ്റിൽപ്പെട്ട് സുരക്ഷിതത്വം നഷ്ടപ്പെട്ട അവസ്ഥയിലാണ്. നമ്മളെല്ലാവരും ദുർബലരും മനമിടിഞ്ഞവരുമായി ഒരേ വഞ്ചിയിലാണെങ്കിലും പരിഗണനാർഹരും വേണ്ടപ്പെട്ടവരുമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഒത്തൊരുമയോടെ തുഴഞ്ഞ് പരസ്പരം ആശ്വസിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ശിഷ്യന്മാർ എല്ലാവരും ഒരേ സ്വരത്തിൽ ഉത്കണ്ഠാപൂർവം 'ഞങ്ങൾ നശിക്കുകയാണ്' (V. 38) എന്നു നിലവിളിച്ചു പ്രാർത്ഥിച്ചതുപോലെ നമ്മൾ എല്ലാവരും ഈ വഞ്ചിയിലായിരുന്നുകൊണ്ട് സ്വാർത്ഥത വെടിഞ്ഞ് കൂട്ടായ്മയോടെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു" (ധ്യാനം, സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ, 27 മാർച്ച് 2020). നമ്മൾ യഥാർത്ഥത്തിൽ ചകിതരും മനമിടിഞ്ഞവരുമാണ്. വേദനയും മരണവും നമ്മുടെ നശ്വരമായ മാനുഷികതയെ വെളിവാക്കുന്നു. അതേസമയം അത് ജീവനുവേണ്ടിയും തിന്മ

യിൽനിന്നു സ്വതന്ത്രരാകുന്നതിനുവേണ്ടിയുമുള്ള നമ്മുടെ ആഗ്രഹത്തെ ശക്തമായി ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, മിഷനിലേക്കുള്ള വിളി എന്നു പറയുന്നത് ദൈവസ്നേഹത്തെയും സഹോദരസ്നേഹത്തെയും പ്രതി നമുക്കു പുറമെയുള്ളവർക്കുവേണ്ടി പങ്കുവയ്ക്കാനും സേവനം ചെയ്യാനും മധ്യസ്ഥപ്രാർത്ഥന നടത്താനുമുള്ള ഒരവസരം എന്നതാണ്. ദൈവം നമ്മെ ഓരോരുത്തരെയും ഭരമേല്പിക്കുന്ന ഈ ദൗത്യം ഭയത്തിൽനിന്നും അന്തർമുഖതയിൽനിന്നും നമ്മെ മുന്നോട്ടു നയിച്ച് പരോപകാരികളായി ജീവിക്കുവാൻ പ്രാപ്തരാക്കുന്നു. അതുവഴി നമ്മൾ സ്വയാവബോധമുള്ളവരായി മാറി ഒരു നവീകൃത ബോധ്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

**ദൈവത്തിന്റെ മിഷൻ**

ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നു (cf യോഹ. 19:26-27) വെന്ന യാഥാർത്ഥ്യം പ്രകടമാകുന്നത് യേശു തന്റെ രക്ഷാകര ദൗത്യം സാക്ഷാത്കരിച്ച കുരിശിലെ ബലിയിലാണ് (cf യോഹ. 19:28-30). സദാ സക്രിയനായി ജീവൻ പ്രദാനം ചെയ്യാൻ എല്ലാവരിലേക്കും എല്ലായ്പ്പോഴും എത്തിച്ചേരുന്ന സ്നേഹം തന്നെയാണ് ദൈവം. അതുകൊണ്ടുതന്നെ അയയ്ക്കപ്പെടാൻവേണ്ടി വ്യക്തിപരമായി മനസ്സാകുവാൻ അവിടന്ന് നമ്മോട് ആവശ്യപ്പെടുന്നു. പിതാവായ ദൈവം നമ്മോടുള്ള സ്നേഹത്തെപ്രതി തന്റെ പുത്രനായ യേശുവിനെ അയച്ചു (cf യോഹ 3:16). യേശു ദൈവപിതാവിന്റെ മിഷനറിയാണ്: പിതാവിന്റെ ഇഷ്ടത്തോട് അവിടത്തേക്കുള്ള പൂർണമായ അനുസരണം അവിടത്തെ ജീവിതവും ശുശ്രൂഷയും വഴി വെളിപ്പെടുത്തുന്നു (cf യോഹ 4:34; 6:38; 8:12-30; ഹെബ്രാ 10:5-10). നമുക്കുവേണ്ടി ക്രൂശിതനായി ഉത്ഥാനം ചെയ്ത ക്രിസ്തു തന്റെ സ്നേഹദൗത്യത്തിലേക്ക് നമ്മെ അടുപ്പിക്കുന്നു. സഭയെ സജീവമാക്കിക്കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനോടു ചേർന്ന് അവിടന്നു നമ്മെ തന്റെ ശിഷ്യരാക്കുന്നു; ലോകത്തിലേക്കും അതിന്റെ ജനതകളിലേക്കും നമ്മെ അയയ്ക്കുകയും ചെയ്യുന്നു.

“സഭയുടെ പുറപ്പാടായ 'മിഷൻ' എന്നത് ഒരു കർമ്മപരിപാടിയോ ഇച്ഛാശക്തികൊണ്ട് നിർവഹിക്കപ്പെടേണ്ട ഒരു സംഭവമോ അല്ല. അത് തന്നിൽനിന്നു ബഹിർഗമിക്കുവാൻ സഭയെ സഹായിക്കുന്ന ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. സുവിശേഷവത്ക്കരണ ദൗത്യത്തിൽ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നതുകൊണ്ടും സഹായിക്കുന്ന

തുകൊണ്ടുമാണ് നമുക്ക് പ്രവർത്തിക്കാനാവുന്നത്" (അവനെക്കൂടാതെ നമുക്ക് ഒന്നും ചെയ്യാനാവില്ല, LEV San Paolo, 2019, 16–17). ദൈവമാണ് എപ്പോഴും നമ്മെ ആദ്യം സ്നേഹിക്കുന്നതും സ്നേഹംകൊണ്ട് നമ്മെ കണ്ടുമുട്ടുന്നതും, വിളിക്കുന്നതും. നാം സഭയിൽ ദൈവത്തിന്റെ പുത്രീപുത്രന്മാരാണെന്നതിനാലാണ് നമുക്ക് വ്യക്തിപരമായ വിളി വരുന്നത്. സഭ അവിടത്തെ കുടുംബമാണ്. യേശുവിന്റെ സ്നേഹത്തിൽ നമ്മൾ സഹോദരീസഹോദരന്മാരാണ്. എന്നിരുന്നാലും എല്ലാവർക്കും അവരവരുടേതായ മാനുഷിക മഹത്ത്വമുണ്ട്. അത് ദൈവത്തിന്റെ ക്ഷണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ആ ക്ഷണമാകട്ടെ, നമ്മൾ ദൈവമക്കളായിരിക്കാൻ വേണ്ടിയുള്ളതാണ്. അതായത്, മാമ്മോദീസ എന്ന കൂദാശയിലും വിശ്വാസത്തിന്റെ സ്വാതന്ത്ര്യത്തിലും, ദൈവത്തിന്റെ ഹൃദയത്തിൽ നാം തുടക്കം മുതലേ എന്തായിരുന്നുവോ, അതായിത്തീരുവാൻ വേണ്ടിയാണ്.

**സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ**

സൗജന്യമായി ലഭിച്ച ഒരു സമ്മാനമെന്ന നിലയിൽ മനുഷ്യജീവനിൽ ആത്മദാനത്തിലേക്കുള്ള ഒരു ക്ഷണം അന്തർലീനമായിട്ടുണ്ട്. മാമ്മോദീസ സ്വീകരിച്ചവരിൽ വിവാഹത്തിലും ദൈവരാജ്യത്തെ പ്രതിയുള്ള ഷണ്ഡത്വത്തിലും സ്നേഹത്തിന്റെ പ്രത്യുത്തരമായി വികസിക്കുന്ന വിത്താണിത്. മാനുഷിക ജീവൻ ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് ജന്മമെടുത്ത് സ്നേഹത്തിൽ വളർന്ന്, സ്നേഹത്തിലേക്കു നീങ്ങുന്നു. ദൈവസ്നേഹത്തിൽ നിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. തന്റെ പുത്രനായ യേശു കുരിശിൽ സമർപ്പിച്ച വിശുദ്ധ ബലിയിലൂടെ പാപത്തെയും മരണത്തെയും ദൈവം കീഴടക്കി (cf. റോമ 8:31–39). ദൈവത്തെ സംബന്ധിച്ച് തിന്മ - പാപം പോലും - കൂടുതൽ സ്നേഹംകൊണ്ട് പ്രത്യുത്തരിക്കേണ്ട ഒരു വെല്ലുവിളിയാണ് (cf മത്താ 5:38–48; ലൂക്കാ 22:33–34). പെസഹാരഹസ്യത്തിൽ ദൈവിക കാരുണ്യം നമ്മുടെ മുറിവേറ്റ വ്യക്തിത്വത്തെ സുഖപ്പെടുത്തുന്നു. മാത്രമല്ല, അത് പ്രപഞ്ചം മുഴുവനിലേക്കും ചൊരിയപ്പെടുന്നു. ലോകത്തിനുവേണ്ടിയുള്ള ദൈവസ്നേഹത്തിന്റെ സാർവത്രിക കൂദാശയാണ് സഭ. അത് ചരിത്രത്തിൽ യേശുവിന്റെ ദൗത്യം തുടരുന്നു, എല്ലായിടത്തേക്കും നമ്മെ അയയ്ക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യവും സുവിശേഷപ്രഘോഷണവും വഴി ദൈവം തന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ തുടരാനും അങ്ങനെ ഹൃദയങ്ങളെയും മനസ്സുകളെയും സമൂഹങ്ങളെയും സംസ്കാരങ്ങളെയും എല്ലായിടത്തും എല്ലാക്കാലത്തും രൂപാന്തരപ്പെടുത്താനുമാണത്.

മിഷൻ എന്നത് ദൈവവിളിയോടുള്ള സ്വതന്ത്രവും ബോധപൂർവ വുമായ പ്രത്യുത്തരമാണ്. എന്നാലും സഭയിൽ സന്നിഹിതനായിരി ക്കുന്ന യേശുവിനോട് വ്യക്തിപരമായ ബന്ധം ഉള്ളപ്പോൾ മാത്രമേ ഈ വിളി നമ്മൾ തിരിച്ചറിയുകയുള്ളൂ. നമുക്ക് നമ്മോടുതന്നെ ഇങ്ങനെ ചോദിക്കാം: നമ്മുടെ ജീവിതത്തിൽ സന്നിഹിതനായിരിക്കുന്ന പരി ശുദ്ധാത്മാവിനെ സ്വാഗതം ചെയ്യാൻ നമ്മൾ തയ്യാറാണോ? മിഷനി ലേക്കുള്ള വിളി കേൾക്കാൻ നമ്മൾ ഭാര്യാഭർത്താക്കന്മാരായാലും സമർപ്പിത വ്യക്തികളായാലും തിരുപ്പട്ടം സ്വീകരിച്ച് ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവരായാലും, ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ മിഷനിലേക്കുള്ള വിളി കേൾക്കാൻ നമ്മൾ തയ്യാറാണോ? കരുണനി റഞ്ഞ പിതാവായ ദൈവത്തിലുള്ള വിശ്വാസത്തിന് ഏതു സമയത്തും ഏതു സ്ഥലത്തും സാക്ഷ്യം വഹിക്കാനും യേശുക്രിസ്തുവിലുള്ള രക്ഷ യുടെ സുവിശേഷം പ്രഘോഷിക്കാനും സഭയെ പടുത്തുയർത്തി ക്കൊണ്ട് പരിശുദ്ധാത്മാവിന്റെ ദൈവികത പങ്കുവയ്ക്കാനും നാം തയ്യാ റാണോ? ദൈവേഷ്ടത്തിനു പൂർണമായി സേവനം ചെയ്യാൻ യേശു വിന്റെ അമ്മയായ മറിയത്തെപ്പോലെ (cf ലൂക്കാ 1:38) തയ്യാറാണോ? “കർത്താവേ, ഇതാ ഞാൻ എന്നെ അയയ്ക്കുക” (cf ഏശ 6:8) എന്ന് ദൈവത്തോട് നാം പറയണമെങ്കിൽ ഈ ആന്തരിക തുറവി നമുക്ക് അത്യാവശ്യമാണ്. ഇത് അമൂർത്തമായിട്ടുള്ളതല്ല. പിന്നെയോ, സഭ യുടെയും ചരിത്രത്തിന്റെയും ഈ അധ്യായത്തിലുള്ളതാണ്.

**കാലികമായ മിഷൻ**

ഈ മഹാമാരിയുടെ കാലത്ത് ദൈവം നമ്മോടു എന്താണ് പറ യുന്നതെന്ന് മനസ്സിലാക്കുകയെന്നത് സഭയുടെ മിഷനറി പ്രവർത്ത നങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. രോഗങ്ങളും സഹനങ്ങളും ഭയവും ഒറ്റപ്പെടുത്തലുമൊക്കെ നമുക്ക് വെല്ലുവിളി തന്നെയാണ്. ആരുംപോ രുമില്ലാതെ തനിച്ചു മരിക്കാൻ വിധിക്കപ്പെട്ടവർ, പരിത്യക്തർ, തൊഴിലും വരുമാനവും നഷ്ടപ്പെട്ടവർ, ഭവനരഹിതർ, ഭക്ഷണമില്ലാത്തവർ എന്നി വരുടെ ദാരിദ്ര്യം നമുക്കൊരു കീറാമുട്ടിയാണ്. സാമൂഹിക അകലം പാലിക്കാനും ഒറ്റയ്ക്കു താമസിക്കാനും നിർബന്ധിക്കപ്പെടുന്ന അവസ്ഥ സാമൂഹികബന്ധങ്ങളും ദൈവവുമായിട്ടുള്ള നമ്മുടെ സാമൂഹിക ബന്ധവും വീണ്ടും കണ്ടെത്തണമെന്ന് ആവശ്യപ്പെടുന്നുണ്ട്. വർധിച്ചു വരുന്ന വിശ്വാസമില്ലായ്മയും നിസ്സംഗതയും ഒഴിവാക്കി, മറ്റുള്ളവരോട് ബന്ധപ്പെടാനുള്ള നമ്മുടെ മാർഗത്തെക്കുറിച്ച് കൂടുതൽ ശ്രദ്ധി ക്കാൻപോലും ഈ അവസ്ഥ നമ്മെ നിർബന്ധിക്കണം. ദൈവം നമ്മെ സ്പർശിക്കുകയും നമ്മുടെ ഹൃദയങ്ങളെ ചലിപ്പിക്കുകയും ചെയ്യുന്ന

പ്രാർത്ഥന വഴി മഹത്ത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങളോട് നമ്മെ കൂടുതൽ തുറവിയുള്ളവരാക്കുകയും വേണം. അതുപോലെതന്നെ സർവസൃഷ്ടികളെയും സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ളവരുമാക്കണം. ഒരു സഭയായി സമ്മേളിച്ച് കുർബാനയാഘോഷിക്കാൻ സാധ്യമല്ലാത്ത അവസ്ഥ, ഓരോ ഞായറാഴ്ചയും കുർബാനയാഘോഷിക്കാൻ കഴിയാത്ത അനേകം ക്രൈസ്തവസമൂഹങ്ങളുടെ അനുഭവം തിരിച്ചറിയുന്നതിന് നമ്മെ സഹായിച്ചിട്ടുണ്ട്. ഇതിലെല്ലാം ദൈവത്തിന്റെ ചോദ്യം ഒരിക്കൽകൂടി നമ്മിലേക്കു വരുന്നു. അവിടന്ന് നമ്മുടെ ഉദാരപൂർണവും ബോധ്യമാർന്നതുമായ ഉത്തരത്തിനായി കാത്തിരിക്കുന്നു: "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശ 6:8). ലോകത്തിലേക്കും ജനതകളിലേക്കും തന്റെ സ്നേഹത്തിനും പാപത്തിൽ നിന്നും മരണത്തിൽ നിന്നും താൻ നല്കുന്ന മോചനത്തിനും, തിന്മയിൽ നിന്നു നല്കുന്ന രക്ഷയ്ക്കും സാക്ഷ്യം വഹിക്കുന്നതിന് ആരെ അയയ്ക്കാൻ കഴിയുമെന്ന് കാണാൻ ദൈവം തുടർച്ചയായി കാത്തിരിക്കുന്നു (cf മത്താ 9:35–38; ലൂക്കാ 10:1–12).

ലോകമിഷൻ ദിനാഘോഷം സഭയിലെ യേശുവിന്റെ മിഷൻ പ്രവർത്തനങ്ങളിൽ പ്രാർത്ഥന, ധ്യാനം, സാമ്പത്തികസഹായം നൽകൽ എന്നീ മാർഗങ്ങളിലൂടെ സജീവമായി പങ്കുചേരാനുള്ള ഉറപ്പാർന്ന സന്ദർഭങ്ങൾ കൂടിയാണ്.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ എന്റെ പേരിൽ നിർവഹിക്കുന്ന പ്രേഷിതപ്രവർത്തനത്തെ പിന്താങ്ങാനും എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി ലോകമാസകലമുള്ള ജനതകളുടെയും സഭകളുടെയും ആധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഒക്ടോബർ മൂന്നാം ഞായറാഴ്ചയിലെ ആരാധനക്രമാനുഷ്ഠാന മധ്യേ ശേഖരിക്കുന്ന സംഭാവനകളിലൂടെ പ്രകടിപ്പിക്കപ്പെടുന്ന പരസ്നേഹം.

സുവിശേഷവത്ക്കരണത്തിന്റെ നക്ഷത്രവും പീഡിതരുടെ ആശ്വാസവും പുത്രനായ യേശുവിന്റെ മിഷനറി ശിഷ്യയുമായ പരിശുദ്ധ കന്യാസ്ത്രീ മറിയം നമുക്കുവേണ്ടിയുള്ള മധ്യസ്ഥയാചന തുടരുകയും നമ്മെ താങ്ങിനിറുത്തുകയും ചെയ്യട്ടെ.

റോമാ, സെന്റ് ജോൺ ലാറ്ററൻ, 31 മേയ് 2020,
പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

# ആത്മീയ ശക്തീകരണ വർഷസമാപനവും ജപമാലമാസാരംഭവും

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ജപമാലയുടെ പാപ്പ എന്നറിയപ്പെട്ടിരുന്ന ലെയോ 13-ാമൻ മാർപാപ്പ ജപമാലമാസത്തിന് ഒരുക്കമായി 1891 സെപ്റ്റംബർ 22-ന് പുറപ്പെടുവിച്ച 'ഒക്ടോബർ മാസം' (Octobri Mense) എന്ന ചാക്രിക ലേഖനത്തിന്റെ ആമുഖത്തിൽ ഇപ്രകാരം പറയുന്നു: "ക്രിസ്തുവിന്റെ സഭ പ്രയാസങ്ങളുടെ കാലത്ത് തന്റെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകിട്ടാൻ വേണ്ടി ജപമാലപ്രാർത്ഥന ഉപയോഗിച്ചിരുന്നു. ഈ കാലത്തും ആഗ്രഹത്തോടെ ജപമാലപ്രാർത്ഥന ചൊല്ലാൻ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു." ഇന്ന് നാം കടന്നുപോകുന്നതും പ്രതിസന്ധിയുടെ കാലഘട്ടത്തിലൂടെയാണ്. 'കോവിഡ്-19' മഹാമാരി ലോകമെമ്പാടുമുള്ള ജനങ്ങളെ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. ലക്ഷക്കണക്കിന് ആളുകൾ മരണമടഞ്ഞു. സാമ്പത്തികവും, സാമൂഹികവും, മാനസികവുമായ സമ്മർദ്ദത്തിന് അടിപ്പെട്ട് അനേകർ കഷ്ടപ്പെടുന്നു. ഈ സാഹചര്യത്തിലാണ് ഈ വർഷത്തെ ജപമാല മാസം കടന്നുവരുന്നത്. കൂടാതെ നമ്മുടെ രൂപതയെ സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷം ആത്മീയ ശക്തീകരണ വർഷമായി ആചരിക്കുകയായിരുന്നു. ഒക്ടോബർ 1-ാം തീയതി രാവിലെ 6.30-ന് സെന്റ് ജോർജ് കത്തീഡ്രലിൽ വി. കുർബാനയോടെ ആത്മീയ ശക്തീകരണ വർഷം ഔദ്യോഗികമായി സമാപിക്കുകയാണ്. ഒപ്പം ജപമാല മാസത്തിന്റെ ആരംഭവും കുറിക്കുന്നു.

ആത്മീയ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി ഇടവകകൾ കേന്ദ്രീകരിച്ച് വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിരുന്നു. അവയിൽ പ്രധാനമായത് രൂപതയിലെ എല്ലാ ഇടവകകളിലും ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിക്കുക എന്നുള്ളതായിരുന്നു. ബഹു. വൈദികർ, സിസ്റ്റേഴ്സ്, അല്മായ സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ട എട്ട് ഗ്രൂപ്പുകളിലായി നൂറ്റിയമ്പതോളം സഹോദരങ്ങൾ രൂപ

തയിലെ 95 ഇടവകകളിൽ പ്രാർത്ഥനാദിനം ആചരിക്കുന്നതിനു സഹായവും നേതൃത്വവും നല്കുകയുണ്ടായി. ഇതിനു സഹകരിച്ച ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും അല്മായ സഹോദരങ്ങളെയും പ്രത്യേകം അനുസ്മരിക്കുകയും അവരുടെ നിസ്വാർത്ഥമായ ആത്മീയ ശുശ്രൂഷകൾക്ക് നന്ദിപറയുകയും ചെയ്യുന്നു. കുമ്പസാരം, ഭവനസന്ദർശനം, വി. കുർബാന, വചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നിവയിലൂടെ പ്രാർത്ഥനാദിനം ഇടവകകളുടെ ആത്മീയ ഉണർവ്വിനും ശക്തീകരണത്തിനും കാരണമായിട്ടുണ്ട്. ഇതിനായി ക്രമീകരണങ്ങൾ നടത്തുകയും സഹകരിക്കുകയും ചെയ്ത എല്ലാ ബഹു. വികാരിയച്ചൻമാരെയും അഭിനന്ദിക്കുന്നു. ആത്മീയ ശക്തീകരണ വർഷം ഔദ്യോഗികമായി സമാപിക്കുന്നുവെങ്കിലും ഇതിലൂടെ ലഭിച്ച ആത്മീയ ഉണർവ്വും ശക്തിയും ഇടവക, കുടുംബതലങ്ങളിലുള്ള വിവിധ പരിപാടികളിലൂടെ തുടരണം എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുകയാണ്.

ആത്മീയ ശക്തീകരണ വർഷം സമാപിക്കുന്ന ഒക്ടോബർ 1 -ന് ജപമാല മാസം ആരംഭിക്കുകയാണ്. ജപമാലപ്രാർത്ഥന കത്തോലിക്കാസഭയിൽ പരിശുദ്ധമാതാവിനോടുള്ള ഭക്തിയും വണക്കവും പ്രകടിപ്പിക്കുന്നതിനായി പരമ്പരാഗതമായി ഉപയോഗിക്കുന്ന ശക്തമായ പ്രാർത്ഥനയാണ്. ഈ പ്രാർത്ഥനവഴി പരിശുദ്ധ ദൈവമാതാവിനെ വണങ്ങുന്നതോടൊപ്പം ഈശോയുടെ രക്ഷാകരചരിത്രം മുഴുവൻ പ്രാർത്ഥനാപൂർവ്വം ഓർക്കുകയും ധ്യാനിക്കുകയും ചെയ്യുന്നുണ്ട്. പെസഹാരഹസ്യത്തിൽ കാണുന്ന വ്യക്തികൾ, സംഭവങ്ങൾ എന്നിവയെല്ലാം ജപമാലപ്രാർത്ഥനയിൽ ധ്യാനവിഷയമാവുകയാണ്.

ആഴമുള്ള ആത്മീയചിന്തകളാൽ സമ്പന്നമാണ് ജപമാല പ്രാർത്ഥന. 'അളവില്ലാത്ത സകല നന്മസ്വരൂപനായ...' എന്നാരംഭിക്കുന്ന ആമുഖ പ്രാർത്ഥനയിലൂടെ മനുഷ്യന്റെ അയോഗ്യതയും നിസ്സാരതയും വെളിപ്പെടുകയാണ്. വിശ്വാസപ്രമാണത്തിലൂടെ സഭയുടെ ഔദ്യോഗിക വിശ്വാസരഹസ്യങ്ങളുടെ പ്രഘോഷണവും സാധ്യമാകുന്നു. ഈശോ പഠിപ്പിച്ച പ്രാർത്ഥനയും, നന്മനിറഞ്ഞ മറിയമേ എന്ന മാതൃസ്തുതിയും, മാതാവിന്റെ പ്രകീർത്തനങ്ങൾ അടങ്ങിയ ലുത്തിനിയയും ഉൾപ്പെടെയുള്ള പ്രാർത്ഥനകൾ ജപമാലപ്രാർത്ഥനയുടെ ആത്മീയസൗന്ദര്യം വർദ്ധിപ്പിക്കുന്നു.

ലാളിത്യമാണ് ജപമാലപ്രാർത്ഥനയുടെ പ്രധാന സവിശേഷത. പ്രായഭേദമെന്യേ ഏത് സാഹചര്യത്തിലുള്ളവർക്കും ഏത് സമയത്തും ചൊല്ലാവുന്ന പ്രാർത്ഥനയാണിത്. അതുകൊണ്ടുതന്നെ മാർപാപ്പമാരും വിശുദ്ധരും അവരുടെ ആത്മീയ ജീവിതത്തിൽ സുപ്രധാനമായ പങ്ക് ജപമാലയ്ക്കുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും വി. മദർ തെരേസയും ജപമാലഭക്തി യുടെ കാര്യത്തിൽ നമുക്ക് വലിയ മാതൃകകളാണ്.

തിന്മയുടെ ശക്തികളെ അകറ്റുന്നതിനുള്ള ശക്തമായ ആയുധ മാണ് ജപമാലപ്രാർത്ഥന. ലോകചരിത്രത്തിൽ ഉണ്ടായിട്ടുള്ള ഗുരുത രമായ പ്രതിസന്ധികളെ അത് യുദ്ധങ്ങളായാലും, മഹാമാരികളായാലും, സഭ നേരിട്ടത് ജപമാലപ്രാർത്ഥനയിൽ ആശ്രയിച്ചുകൊണ്ടായിരുന്നു. ഏതെങ്കിലും ഒരു പ്രദേശത്ത് തിന്മയുടെ സ്വാധീനവും ശക്തിയും പിടിമുറുക്കുമ്പോൾ പരി. അമ്മ അവിടങ്ങളിൽ പ്രത്യക്ഷപ്പെടുകയും പരിഹാരമായി നിർദ്ദേശിക്കുകയും ചെയ്തിരുന്നത് ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനായിരുന്നു. ഇന്ന് നാം ജീവിക്കുന്ന സാഹചര്യത്തിലും തിന്മയുടെ സ്വാധീനം വളരെ ഗുരുതരമായി പിടിമുറുക്കുകയാണ്. കൊറോണ വൈറസിന്റെ വ്യാപനവും, മറ്റ് സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ സാഹചര്യങ്ങളുമെല്ലാം ഇത്തരത്തിൽ നാം അഭിമുഖീകരി ക്കുന്ന പ്രശ്നങ്ങളാണ്. ഇവിടെ നമുക്ക് ശക്തമായി ആശ്രയിക്കാനു ള്ളത് പ്രാർത്ഥനയിൽ മാത്രമാണ്. പരിശുദ്ധ മാതാവിന്റെ കൈപിടിച്ച് ഈശോയുടെ അടുക്കലേക്കുള്ള തീർത്ഥയാത്ര ഇന്നു ലോകം നേരി ടുന്ന മുഴുവൻ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമായി മാറും എന്ന് നമുക്ക് വിശ്വസിക്കാം, പ്രത്യാശിക്കാം. അതിനാൽ ഒക്ടോബർ മാസം 1 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ നമ്മുടെ ഇടവകകളിലും, കുടുംബങ്ങ ളിലും സന്ന്യാസഭവനങ്ങളിലും നമുക്കൊരുമിച്ച് ജപമാലപ്രാർത്ഥന ഭക്തിപൂർവ്വം ചൊല്ലുകയും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം യാചി ക്കുകയും ചെയ്യാം.

ആത്മീയ ശക്തീകരണ വർഷസമാപനവും ജപമാലമാസാചര ണവും സംബന്ധിച്ച് ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധ യിൽപ്പെടുത്തുന്നു.

1. **ഒക്ടോബർ 1-ാം തീയതി രാവിലെ 6.30-ന്** കത്തീഡ്രലിൽ വി. കുർബാനയ്ക്കു ശേഷം സമാപന പ്രാർത്ഥന ചൊല്ലുന്നതോടെ ആത്മീയ ശക്തീകരണ വർഷം ഔദ്യോഗികമായി സമാപിക്കുന്നു. ഈ സമയം രൂപതയിലെ എല്ലാ ഇടവകകളിലും വി. കുർബാന യർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ട് ഇടവകതലത്തിൽ ആത്മീയശക്തീ കരണ വർഷാചരണത്തിന്റെ സമാപനം ക്രമീകരിക്കേണ്ടതാണ്.

2. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ഇടവകകളിൽ നടത്താറുള്ള ആഘോഷമായ കൊന്തനമസ്കാരം പതിവു പോലെ സാധ്യമല്ല. എങ്കിലും അനുവദനീയമായ ജനപങ്കാളി ത്തത്തോടെ ജപമാലപ്രാർത്ഥന എല്ലാ ഇടവകകളിലും നടത്താ വുന്നതാണ്.

3. ഒക്ടോബർ മാസം നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങ ളിലും **വൈകുന്നേരം 7 മണിക്ക്** കുടുംബാംഗങ്ങൾ ഒരുമിച്ച് മരിയൻ വിചിന്തനം വായിച്ച്, ജപമാല പ്രാർത്ഥന ചൊല്ലേണ്ട താണ്. (ജപമാലയ്ക്ക് മുൻപ് വായിക്കേണ്ട മരിയൻ വിചിന്തനം അതത് ദിവസം വൈദികരുടെ WhatsApp ഗ്രൂപ്പിലും, ഫാമിലി അപ്പോസ്റ്റലേറ്റ് വഴി ക്രമീകരിച്ചിരിക്കുന്ന WhatsApp ഗ്രൂപ്പുകളിലും നൽകുന്നതായിരിക്കും.)

ആത്മീയ ശക്തീകരണ വർഷാചരണം വഴി ദൈവം തന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം. പരിശുദ്ധ അമ്മയോടു ചേർന്ന് ജപമാലപ്രാർത്ഥന വഴി ഒക്ടോബർ മാസം ആത്മീയ അനുഭവമാക്കി മാറ്റാം. കാരുണ്യവാനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

# രൂപതക്കച്ചേരി

## *C. 41/2020* മിഷൻ ഞായർ

ഒക്ടോബർ 18-ാം തീയതി ആഗോളതലത്തിൽ മിഷൻ ഞായർ ആഘോഷിക്കുകയാണല്ലോ. സ്വഭാവത്താൽതന്നെ പ്രേഷിതയായ സഭയിൽ ഈശോമിശിഹായുടെ പ്രേഷിതരാണ് നാമോരോരുത്തരുമെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും പ്രാർത്ഥന, ധനസഹായം, പരിത്യാഗപ്രവൃത്തികൾ എന്നിവവഴി മിഷൻപ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് കടമയുണ്ടെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന അവസരമാണ് മിഷൻ ഞായർ. മിഷൻരംഗത്ത് പീഡനം അനുഭവിക്കുന്ന നമ്മുടെ പ്രേഷിതരെ പ്രാർത്ഥനയും പ്രോത്സാഹനവും വഴി നമുക്ക് സഹായിക്കാം.

*Bishop*

## *JS. 5/2020* ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ **ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 10.30 വരെ ഓൺലൈനായി** നടത്തപ്പെടുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. താഴെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2020-2021 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരോ ഇപ്പോൾ പഠനം നടത്തുന്നവരോ ആയ, രൂപതയിൽ പേരു രജിസ്റ്റർ ചെയ്തിരിക്കുന്നവരാണ് സ്കോളർഷിപ്പ് പരീക്ഷ എഴുതേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവർക്കും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.**

സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

*Secretary*

# മൈനർ സെമിനാരി

*MS 24 /2020* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | CMC Provincial House | ₹ | 50,000 |
| 2 | One Benefactor | ₹ | 20,000 |
| 3 | Sebastian Ouseparambil, Thodupuzha | ₹ | 2,000 |
| 4 | Rev. Fr. Joseph Mulanjanany | ₹ | 10,000 |
| 5 | Rev. Fr. Paul Alilakuzhy, Germany (for solar installation) | ₹ | 6,00,000 |
| 6 | One Benefactor | ₹ | 5,000 |
| 7 | Francis Kuriakose in Memory of Bro. Jose Kavumpuram | ₹ | 2,000 |
| 8 | One Benefactor | ₹ | 1,000 |

*Rector*

# വിജ്ഞാനഭവൻ

*V. 62/2020* **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 25-ന്**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 25 ഞായറാഴ്ചയായിരിക്കും നടത്തുക.

I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളുമാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും, നമസ്കാരങ്ങളെ സംബ

ന്ധിച്ചും, ബൈബിൾ ഭാഗങ്ങളിൽ നിന്നും, പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

ഫയൽ ചെയ്യാനുള്ളതും അദ്ധ്യാപകർക്ക് ഉപയോഗിക്കാനുള്ള തുമായ ചോദ്യപേപ്പറുകൾ ഒക്ടോബർ 24-ാം തീയതി മേഖലാകേന്ദ്ര ങ്ങളിൽനിന്ന് ലഭിക്കുന്നതാണ്. പരീക്ഷയെ സംബന്ധിച്ച മറ്റു വിശ ദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ മാർക്ക് നവം ബർ 10-ന് മുമ്പ് സൈറ്റിൽ എന്റർ ചെയ്യണം. വിജ്ഞാനഭവനിൽ നിന്നും തരുന്ന A ലിസ്റ്റിൽ മാർക്കെഴുതി അദ്ധ്യാപകക്വിസിന്റെ ഉത്ത രക്കടലാസിന്റെ കൂടെ തരേണ്ടതാണ്.**

*V. 63/2020* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം - നവംബർ 1**

വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം നവംബർ 1-ാം തീയതി ഞായറാഴ്ച ആണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 683 മുതൽ 780 വരെയുള്ള നമ്പറുകൾ, 'വഴിതെറ്റാത്ത വിശ്വാസം', 'വിശ്വാസവഴിയിലെ സംശയങ്ങൾ' 1, 2, 3 എന്നിവയാണ് പാഠഭാ ഗങ്ങൾ. ഉപപാഠപുസ്തകത്തിലെ പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

| | |
|---|---|
| **ഇടവകതലം** | : **2020 നവംബർ 1 ഞായർ** |
| **സമയം** | : **11.00 am - 12.00 noon** (അതാത് ഇടവകകളിൽ). |
| **രൂപതാതലം** | : **2020 ഡിസംബർ 12 ശനി** |
| **സമയം** | : **10.30 am - 12.00 noon** |
| **സ്ഥലം** | : **വിജ്ഞാനഭവൻ കേന്ദ്രം** |

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ്സു കൾ മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കട ലാസുകളും വിജയികളായവരുടെ പേരും, നവംബർ 14-ാം തീയതി (14-ാം തീയതി മാത്രം) മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാ കേന്ദ്രത്തിൽ മറ്റുദിവസങ്ങളിലും എത്തിക്കാവുന്നതാണ്. ബഹു. സിസ്റ്റേ ഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ

നൽകുന്നത്. ചോദ്യപേപ്പറുകൾ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യ പേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്. ചോദ്യപേപ്പറുകൾ വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്.

❋ സൈറ്റിൽ എന്റർ ചെയ്യണം. പ്രിന്റെടുത്ത് ഉത്തരക്കടലാസിന്റെ കൂടെ വയ്ക്കേണ്ടതാണ്.

*V. 64/2020* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"മാറ്റുരയ്ക്കപ്പെടുന്ന വിശ്വാസം"** എന്നതായിരിക്കും ലേഖന വിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനത്തീയതി ഒക്ടോബർ 30 ആണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് മത്സരം നടത്തുന്നത്.

*V. 65/2020* **കവിതാരചന**

വിഷയം : **"മാറ്റുരയ്ക്കപ്പെടുന്ന വിശ്വാസം"** ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ ഒക്ടോബർ 30-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

*V. 66/2020* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയായവർ സൈറ്റിൽ നിന്നും പ്രിന്റെടുത്ത് അദ്ധ്യാപക ക്വിസ്സിന്റെ ഉത്തരക്കടലാസിനൊപ്പം തരേണ്ടതാണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധിക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പി ഇല്ലാത്തവ സ്വീകരിക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പിയിൽ ഫോട്ടോ പതിച്ച പേജ്, വികാരിയച്ചൻ ഒപ്പിട്ട പേജ് എന്നിവ ഉണ്ടായിരിക്കണം.

NB: പ്രിന്റ് എടുത്ത് തരുന്ന പേപ്പറിൽ വികാരിയച്ചന്റെ ഒപ്പ് വേണം.

*V. 67/2020* **ഓർഡർ ഫോം**

വിശ്വാസോത്സവം, സൺഡേ സ്കൂൾ, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ ഫോം സൈറ്റിൽ Enter ചെയ്യേണ്ടതാണ്. പ്രിന്റ് വിജ്ഞാനഭവൻ ഓഫീസിൽ എടുക്കുന്നതാണ്.

*V. 68/2020* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

ആദ്യകുർബാനസ്വീകരണ പുസ്തകം, കുർബാന പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേ സ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.21/2020*

ഈ വർഷത്തെ 6-ാം പ്രവൃത്തി ദിവസം തിട്ടപ്പെടുത്താത്തതിനാൽ മെയിന്റനൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട അപേക്ഷ എപ്പോൾ നല്കണമെന്ന കാര്യത്തിൽ വ്യക്തതയില്ല. ഏതാനും ചില വിദ്യാഭ്യാസ ഓഫീസർമാർ ഈ വർഷത്തെ കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി M.G. ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ വിഷയത്തിൽ എല്ലാ ഹെഡ്മാസ്റ്റർമാരും അവരവരുടെ വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെട്ട് വേണ്ടതു ചെയ്യുമല്ലോ.

*Edn.22/2020*

പ്രമോഷൻ, ഡിക്ലറേഷൻ തുടങ്ങിയ ഏത് ആവശ്യത്തിനും ഹെഡ്മാസ്റ്റർമാർ സർവീസ് ബുക്കുകൾ ഈ ഓഫീസിലേക്ക് കൊടു

ത്തുവിടുന്നത് നന്നായി പൊതിഞ്ഞ് സീൽ ചെയ്ത് ആയിരിക്കണം. കൂടാതെ ആവശ്യം കാണിച്ചുള്ള ഹെഡ്മാസ്റ്ററുടെ കത്തും ഉണ്ടായിരിക്കണമെന്നുള്ള കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

*Edn.23/2020* **Catechism/Moral Science Order Form**

അടുത്ത അദ്ധ്യയനവർഷത്തേക്കുള്ള Catechism/Moral Science പുസ്തകങ്ങളുടെ ഓർഡർ ഫോം ഒക്ടോബർ 30-ന് മുമ്പായി വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

അഡ്രസ്സ്: ഡയറക്ടർ, വിജ്ഞാനഭവൻ ഓഫീസ്, ബിഷപ്സ് ഹൗസ്, കോതമംഗലം 686 691

*Secretary*

## സോഷ്യൽ സർവീസ്

*SS. 37/2020* **ജീവ കർഷക കൂട്ടായ്മകൾ**

പുതിയ കാർഷിക നിയമത്തിന്റെ പശ്ചാത്തലത്തിൽ കർഷകരുടെ കൂട്ടായ്മകൾക്ക് ഏറെ പ്രസക്തിയുണ്ട്. വിവിധ ഇടവകകളിലെയും രൂപതകളിലെയും കൂട്ടായ്മകൾ തമ്മിൽ നെറ്റ്‌വർക്ക് ക്രമീകരിച്ചാൽ കർഷകരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുവാൻ സാധിക്കും. പുരയിടങ്ങളിൽ വിവിധ ജോലികൾ ചെയ്യുവാൻ സന്നദ്ധതയുള്ളവരുടെ ഗ്രൂപ്പുകൾ രൂപീകരിച്ചാൽ കൃഷിപ്പണിക്ക് ജോലിക്കാരെ ലഭിക്കും. അന്യസംസ്ഥാന തൊഴിലാളികളുടെ കുറവ് പരിഹരിക്കുവാൻ ഇതുവഴി ഇടയാകും. നമ്മുടെ രൂപതയിൽ എല്ലാ ഇടവകകളിലും കർഷകരുടെ ഓരോ കൂട്ടായ്മയെങ്കിലും രൂപീകരിക്കുന്നത് നല്ലതായിരിക്കും. ഈ കൂട്ടായ്മകളിൽ നിന്നും താല്പര്യമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് പിന്നീട് കർഷക ഉല്പാദക സംഘങ്ങൾ (Farmer Producer Organizations - FPOs) രൂപീകരിക്കാവുന്നതാണ്.

*SS. 38/2020* **ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO)**

പുതിയ കാർഷിക നിയമത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ഗ്രാമങ്ങൾ തോറും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs) ക്രമീകരിക്കുകയെന്നത്. സാധി

ക്കുന്ന ഇടവകകളിൽ FPO കൾ രൂപീകരിക്കുന്നത് നല്ലതായിരിക്കും. ഇതിന്റെ ഏതാനും ഉദ്ദേശലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു:

1 കാർഷിക വിളകളുടെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കർഷകർക്കുവേണ്ടി നിലകൊള്ളുന്ന കർഷകരുടെ പ്രസ്ഥാനമാണ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO). അതനുസരിച്ച് കോതമംഗലം രൂപതാസോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഭാഗമായിനിന്നുകൊണ്ട് കർഷകർക്കുവേണ്ടിയുള്ള പൊതുക്ഷേമപ്രവർത്തനങ്ങളിൽ പങ്കുചേരുക.

2 പ്രവർത്തനപരിധിയിലുള്ള സാധാരണക്കാരായ കർഷകരുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ക്ഷേമത്തിനായി പ്രവർത്തിക്കുക.

3 കാർഷികവിളകളുടെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ക്രിയാത്മകമായി ഇടപെടുക. ഈ രംഗങ്ങളിൽ നൂതന സാങ്കേതിക വിദ്യകൾ പരീക്ഷിക്കുക.

4 ഡിറക്ട് മാർക്കറ്റിംഗ് സംവിധാനം വഴി (ഉദാ. കർഷകമാർക്കറ്റ്) ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുവാൻ ശ്രമിക്കുക.

5 കൃഷിവകുപ്പ്, കാർഷിക ഗവേഷണസ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട് കാർഷിക പ്രോജക്ടുകൾ തയ്യാറാക്കുക.

6 സമാനസ്വഭാവമുള്ള FPO - കളുമായി സഹകരിച്ച് ഉല്പാദക കമ്പനികൾ (FPC) രൂപീകരിക്കുവാൻ ശ്രമിക്കുക.

7 ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുകയും അപ്രകാരം വില്പന നടത്തി കൊള്ളലാഭമുണ്ടാക്കുകയും ചെയ്യുന്ന സാമൂഹിക വിപത്തുകൾക്കെതിരെ ബോധവത്ക്കരണപരിപാടികൾ നടത്തുക.

8 വിഷലിപ്തമല്ലാത്ത ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിച്ച് ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും അതുവഴി ശക്തവും ആരോഗ്യകരവുമായ ഉല്പാദക - ഉപഭോക്തൃബന്ധം സ്ഥാപിക്കുകയും ചെയ്യുക.

9 പ്രസ്ഥാനത്തിന്റെ ഉദ്ദേശലക്ഷ്യസാക്ഷാത്ക്കാരത്തിനുവേണ്ട മൂലധനം സ്വരൂപിക്കുവാനായി, അംഗത്വഫീസ്, വരിസംഖ്യ, സബ്സിഡി, ലോൺ, അംഗങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നുമുള്ള സംഭാവന, പ്രോജക്ടുകൾ എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക ഇടപാടുകൾ നടത്തുവാൻ സമിതിക്ക് അവകാശം ഉണ്ടായിരിക്കും.

*SS. 39/2020* **FPO രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഏതെങ്കിലും ഇടവകയിൽ FPO രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ KSSS ഓഫീസുമായി മുൻകൂട്ടി ബന്ധപ്പെട്ടാൽ ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇതിന്റെ രജിസ്ട്രേഷനുള്ള നടപടി ക്രമങ്ങളും മറ്റും വിശദീകരിച്ചു നൽകുവാൻ അറിവുള്ള വ്യക്തികളുടെ സേവനം ലഭ്യമാക്കുന്നതാണ്. ഇതിനായി ആദ്യം 15 സജീവ കർഷകരെ വിളിച്ചുകൂട്ടുകയും അവരുടെ ലിസ്റ്റ് KSSS ഓഫീസിൽ നൽകുകയും ചെയ്യുമല്ലോ.

*SS. 40/2020* **മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ യൂണിറ്റ്**

ഫൊറോന വികാരിമാരുടെ കഴിഞ്ഞ മീറ്റിംഗിൽ (06-09-2020) നിർദ്ദേശിക്കപ്പെട്ടതുപോലെ ഓരോ ഫൊറോനയിലും മൂല്യവർദ്ധനവിനുള്ള (Value Addition) ഒരു യൂണിറ്റ് വീതമെങ്കിലും ആരംഭിക്കുന്നത് നന്നായിരിക്കും. താല്പര്യമുള്ളവർ KSSS ഓഫീസുമായി ബന്ധപ്പെടുമല്ലോ.

*SS. 41/2020* **കാടക്കൃഷിക്ക് സഹായം**

സാമ്പത്തിക വരുമാനത്തിന് ബുദ്ധിമുട്ടുള്ള ഈ കാലഘട്ടത്തിൽ ചെറിയ അദ്ധ്വാനത്തിലൂടെ ന്യായമായ ലാഭം ഉണ്ടാക്കാവുന്ന ചെറുകിട സംരംഭമാണ് കാടക്കൃഷി. കാടക്കോഴികളും കൂടും KSSS -ൽ നിന്നും നൽകുന്നതാണ്. തവണകളായി തുക തിരികെ അടച്ചാൽ മതി. വാങ്ങിക്കുന്നവരിൽ നിന്നും തുക സംഭരിച്ച് KSSS ഓഫീസിൽ തിരിച്ചടയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ആരെയെങ്കിലും ചുമതലപ്പെടുത്തുമല്ലോ. കർഷക കൂട്ടായ്മകൾ ക്രമീകരിച്ചാൽ ഇത്തരം കാര്യങ്ങൾ എളുപ്പമാകും. കാടക്കോഴികളെ വിതരണം ചെയ്യുമ്പോൾ കർഷകരുടെ കൂട്ടായ്മകളോ FPO കളോ ക്രമീകരിക്കുന്ന ഇടവകകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

രണ്ടുതരം കൂടുകളാണ് KSSS-ൽ നിന്നും നൽകുന്നത്. നമ്മൾ തന്നെ ഇവിടെ വെൽഡർമാരെ വരുത്തി നിർമ്മിക്കുന്ന കൂടുകളാണ്.

ഒന്നാമത്തെ കൂട് സ്ക്വയർ പൈപ്പിൽ ഫ്രെയിം ചെയ്ത് നെറ്റ് അടിച്ച് തയ്യാറാക്കുന്നതാണ്. ഒരു തട്ടിൽ 100 കാടകൾ വീതം മൂന്നോ നാലോ തട്ടുകൾ മുകളിലേക്ക് വയ്ക്കാവുന്നതാണ്. ഓരോ തട്ടും എടുത്തുമാറ്റാവുന്നതാണ്. മോഡൽ കൂട് KSSS നേഴ്സറിയിൽ സ്ഥാപിച്ചിട്ടുണ്ട്. 100 കാട കോഴികളെ ഇടാവുന്ന കൂടിന് 6000 രൂപ ചെലവ് വരും.

രണ്ടാമത്തെ തരം കൂട് ഫ്രെയിം ഇല്ലാതെ നിർമ്മിക്കുന്നതാണ്. 100 കാടകളെ ഇടാവുന്ന ഇത്തരം കൂടിന് 4250 രൂപയേ വിലയുള്ളൂ.

നാലാഴ്ച പ്രായമായ ഒരു കാടയ്ക്ക് 40 രൂപ നിരക്കിൽ നൽകുന്നതാണ്. മൂന്നാഴ്ച കഴിയുമ്പോൾ മുട്ടയിടും. കാടയും കൂടും വേണ്ടവർ ഈ മാസം 15-ന് മുമ്പ് അറിയിക്കണം. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്കാണ് ഗഡുക്കളായി പണം അടയ്ക്കാനുള്ള സൗകര്യം.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

## *CML 52/2020* മികച്ച മേഖല, ശാഖ മൂല്യനിർണ്ണയം

2019- 2020 പ്രവർത്തന വർഷത്തിലെ മികച്ച ശാഖ മേഖല മൂല്യനിർണ്ണയം 2020 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടന്നു. രൂപതയിലെ 111 ശാഖകളിലും, മേഖലകളിൽ നിന്ന് തെരഞ്ഞെടുത്ത 18 ശാഖകളിലും, 6 മേഖലകളിലുമായി നടന്ന വിലയിരുത്തലിൽ താഴെപ്പറയുന്ന ശാഖകളും മേഖലകളും സമ്മാനത്തിന് അർഹരായി. എല്ലാവർക്കും അഭിനന്ദനങ്ങൾ.

A **വിഭാഗം**

I - തൊടുപുഴ

II - കോതമംഗലം

III - കരിമണ്ണൂർ

B **വിഭാഗം**

I - മാറിക & ആനിക്കാട്

II - നേര്യമംഗലം

III - വടാട്ടുപാറ

C **വിഭാഗം**

I - രണ്ടാർ

II - തൃക്കാരിയൂർ

III - ചീനിക്കുഴി

**മികച്ച മേഖലകൾ**

I - കോതമംഗലം മേഖല

II - മൂവാറ്റുപുഴ മേഖല

III - വാഴക്കുളം മേഖല

*CML 53/2020* **Justice for Maria**

സ്വന്തം മൗലികാവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ട മരിയ ഷഹബാസ് എന്ന 14 വയസ്സുകാരി പെൺകുട്ടിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ചെറുപുഷ്പ മിഷൻ ലീഗ് കോതമംഗലം രൂപത അവളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കുചേർന്നു.

*CML 54/2020* **അമ്മ വിചാരങ്ങൾ**

പരിശുദ്ധ അമ്മയുടെ തിരുനാളിന് ഒരുക്കമായി സെപ്തംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ പരിശുദ്ധ അമ്മയിൽ വിളങ്ങിയിരുന്ന പുണ്യങ്ങൾ ധ്യാനവിഷയമാക്കിക്കൊണ്ട് പ്രാർത്ഥിച്ചൊരുങ്ങുകയും (അമ്മ വിചാരങ്ങൾ), സുകൃതങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.

*CML 55/2020* **അതിജീവനത്തിനൊരു ജപമാല**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന സമിതിയുടെ ആഹ്വാനമനുസരിച്ച് സെപ്റ്റംബർ 4-ാം തീയതി രൂപതയിലൊട്ടാകെ ഉപവാസവും പ്രാർത്ഥനാദിനവുമായി ആചരിച്ചു. അന്നേദിവസം കുട്ടികൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*CML 56/2020* **മരിയൻ ഹിംസ്**

ധ്യാനാത്മകമായ ചിന്തകളിലൂടെയും മനോഹരമായ ഗാനങ്ങളിലൂടെയും ജപമാല പ്രാർത്ഥനയിലൂടെയും പരിശുദ്ധ അമ്മയോട് ചേർന്നിരിക്കുന്നതിനുവേണ്ടി മരിയൻ ഹിംസ് സെപ്റ്റംബർ 4 മുതൽ 7 വരെ വൈകിട്ട് 6.30 മുതൽ മിഷൻലീഗ് കോതമംഗലം രൂപതയുടെ യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു. ഓരോ ദിവസവും ജപമാലയ്ക്ക് നേതൃത്വം നൽകിയ മാറിക, ചിലവ്, രാജഗിരി, മലയിഞ്ചി

എന്നീ ശാഖകളിലെ വൈദികരെയും ഇടവക അംഗങ്ങളെയും നന്ദി യോടെ ഓർക്കുന്നു.

*CML 57/2020* **കാർട്ടൂൺ മത്സരം**

കോതമംഗലം രൂപതയും ഊന്നുകൽ മേഖലയും സംയുക്ത മായി ഓഗസ്റ്റ് 15-ാം തീയതി കാർട്ടൂൺ മത്സരം നടത്തി. വിജയികളാ യവർക്ക് അഭിനന്ദനങ്ങൾ.

**ജൂനിയർ വിഭാഗം**

I - Nohal Paul, St. Xaviers Church, Pothanikad

II - Donna Viju, St. George Church, Mamalakandam

**സീനിയർ വിഭാഗം**

I - Tiya Mol Sebastian, St. Joseph's Church, Nellimattom

II - Tessa Mol Sebastian, St. Joseph's Church, Nellimattom

*CML 58/2020* **ധ്യാനം**

സെപ്റ്റംബർ 1 മുതൽ 3 വരെ സ്കൂൾ- കോളേജ് വിദ്യാർത്ഥി കൾക്കായി ധ്യാനം യൂട്യൂബ് ചാനലിലൂടെ ലൈവായി നടത്തി. ഏക ദേശം നാനൂറോളം കുട്ടികൾ പങ്കെടുത്തു. പങ്കെടുത്തവരെയും നേതൃത്വം നൽകിയ ബഹു. ജോബി ഇടത്താഴെ അച്ചനെയും നന്ദി യോടെ ഓർക്കുന്നു.

*CML 59/2020* **ഇടവകയ്ക്ക് ഒരു ബൈബിൾ**

രൂപതയിലെ എഴുപതിലധികം ഇടവകകൾ ഇതിനോടകം ആരം ഭിച്ചുകഴിഞ്ഞ പദ്ധതിയാണ് ഇടവകയ്ക്ക് ഒരു ബൈബിൾ എന്ന ബൈബിൾ കയ്യെഴുത്തുപ്രതി നിർമ്മാണം. റെക്കോർഡ് വേഗത്തിൽ വാഴക്കുളം, ആനിക്കാട് ശാഖകൾ ഇതിനകം ബൈബിൾ കൈയെഴു ത്തുപ്രതികൾ നിർമ്മിച്ചു കഴിഞ്ഞു. ഇരുശാഖകൾക്കും രൂപതാ സമി തിയുടെ അഭിനന്ദനങ്ങൾ.

*CML 60/2020* **അമ്മതൻ ചാരെ**

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന് ഒരുക്കമായി സെപ്റ്റം ബർ 1 മുതൽ 8 വരെ, എട്ടു വയസ്സിൽ താഴെയുള്ള കുഞ്ഞു കൂട്ടുകാർ അവതരിപ്പിച്ച ചിന്തോദ്ദീപകമായ ചെറുസന്ദേശങ്ങൾ അടങ്ങിയ വീഡി യോകൾ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു.

*CML 61/2020* **Missio**

ചെറുപുഷ്പ മിഷൻലീഗ് നെല്ലിക്കുഴി ശാഖ രൂപതാ സമിതിയുമായി സഹകരിച്ച് നടത്തുന്ന ഒരു പ്രോഗ്രാമാണ് മിസിയോ. വിവിധ മിഷൻ രൂപതകളെ പരിചയപ്പെടുത്തുന്ന ഈ പ്രോഗ്രാമിൽ 23-08-2020-ൽ സത്നാ രൂപതയെയും, 29-08-2020 -ൽ കല്യാൺ രൂപതയെയും, 10-09-2020-ൽ മാണ്ഡ്യ രൂപതയെയും മിഷൻലീഗ് യൂട്യൂബ് ചാനലിലൂടെ പരിചയപ്പെടുത്തി.

*CML 62/2020* **മാലിപ്പറമ്പിലച്ചൻ, കുഞ്ഞേട്ടൻ അനുസ്മരണ ലേഖന മത്സരം**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത, രൂപതാതലത്തിൽ മാലിപ്പറമ്പിലച്ചൻ, കുഞ്ഞേട്ടൻ അനുസ്മരണ ലേഖനമത്സരം നടത്തി. മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ!

**രൂപതാതല വിജയികൾ**

**സീനിയർ വിഭാഗം**

I - അലന്റ മരിയ ഷാജി, ഉടുമ്പന്നൂർ
II - ക്രിസ്റ്റി ഗിൽബർട്ട്, പാറപ്പുഴ
III - റിയ റോസ് രാജേഷ്, കദളിക്കാട്

**ജൂണിയർ വിഭാഗം**

I - ആൽബിൻ സേവി തയ്യിൽ, കുളപ്പുറം
II - എയ്ഞ്ചൽ മരിയ അജി, ഊന്നുകൽ
III - റിയ റിജോ, മുതലക്കോടം

*Director*

## കെ.സി.എസ്.എൽ.

*KCSL. 22/2020* **അധ്യാപക ദിനം**

കെ സി എസ് എൽ സഖ്യത്തിന്റെ ജീവനാഡി ആനിമേറ്റേഴ്സ് ആയിട്ടുള്ള അധ്യാപകരാണ്. അധ്യാപക ദിനത്തോടനുബന്ധിച്ച് അവർക്കായി ഉപന്യാസ മത്സരം സംഘടിപ്പിച്ചു. പങ്കെടുത്തവർക്കും വിജയികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**മത്സരഫലം**

I - ആഷ്‌ലി തോമസ്, SAGHSS, മൂവാറ്റുപുഴ

II - സി. രഞ്ജന FCC, SJHSS, പൈങ്ങോട്ടൂർ

III - ലിമ്‌ന മാത്യു, SAGHSS, കോതമംഗലം

**പ്രോത്സാഹനം**

I - സി. ഡോണ മരിയ FCC, SJHSS, പൈങ്ങോട്ടൂർ

II - സി. ജയ്സി മാത്യു SD, SJUPS, നെല്ലിമറ്റം

III - മിസ് മരിയ, ജയ്റാണി പബ്ലിക് സ്കൂൾ, കാളിയാർ

IV - സി. ജിസ് തെരേസ് SMC, SSUPS, തൊടുപുഴ

V - സി. ദീപ്തി SABS, ജയ്റാണി പബ്ലിക് സ്കൂൾ, കാളിയാർ

*KCSL. 23/2020* **KCSL വി. എവുപ്രാസ്യ ക്വിസ് മത്സരം**

വി. എവുപ്രാസ്യാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് KCSL -ഉം CMC പാവനാത്മ പ്രൊവിൻസ് കോതമംഗലവും സംയുക്തമായി സംഘടിപ്പിച്ച ക്വിസ് മത്സരമായിരുന്നു ഇത്. സെപ്റ്റംബർ 27-ന് ഞായറാഴ്ച UP, HS, HSS വിഭാഗങ്ങൾ തിരിച്ച് മത്സരങ്ങൾ നടത്തി.

*KCSL. 24/2020* **ജപമാല മാസം**

ജപമാല മാസത്തിൽ പരിശുദ്ധ അമ്മയോടുള്ള പ്രാർത്ഥനയിൽ നിരതരാകുവാൻ എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

*Director*

---

# ഫാമിലി അപ്പോസ്തലേറ്റ്

*FA 14/2020* **രൂപത കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാകൗൺസിൽ 19/09/2020 -ൽ ഗൂഗിൾ മീറ്റ് വഴി കൂടി. രൂപത പ്രസിഡന്റ് ജോണി ഇലവുംകുടി അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ആമുഖ സന്ദേശം നൽകി. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ

ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കുടുംബ കേന്ദ്രീകൃതമായ ആത്മീയ ശക്തീകരണത്തിന്റെയും പ്രേഷിത ശുശ്രൂഷകളുടെയും പ്രസക്തി കൂടുതൽ വർദ്ധിച്ചിരിക്കുന്നതായി പിതാവ് സൂചിപ്പിച്ചു.

മീറ്റിംഗിൽ വിവാഹത്തിന്റെ 50, 25 വർഷങ്ങൾ പൂർത്തിയാകുന്ന ദമ്പതിമാരെ ആദരിക്കാൻ തീരുമാനിച്ചു. മാർച്ച് മാസം മുതൽ തുടങ്ങിയ അഖണ്ഡ ജപമാല വരും മാസങ്ങളിലും തുടരുന്നതിനും തീരുമാനിച്ചു.

## *FA 15/2020* ജൂബിലി ദമ്പതിമാർക്ക് ആദരം

രൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും മാതൃവേദിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 1970-ലും, 1995-ലും വിവാഹിതരായ, ദാമ്പത്യത്തിന്റെ സുവർണ, രജത ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതിമാരെ ആദരിക്കുന്നു. ജൂബിലി ദമ്പതിമാരുടെ ഫോട്ടോ അടങ്ങിയ മംഗളപത്രം ഇടവക സമിതികൾ വഴി എത്തിച്ചു നൽകുന്നതാണ്. താൽപര്യമുള്ള ദമ്പതിമാർ അവരുടെ പേര്, അഡ്രസ്സ്, ഇടവക, വിവാഹ തീയതി, ഫോൺ നമ്പർ എന്നിവ അടങ്ങുന്ന വിവരങ്ങൾ ഫോട്ടോ ഉൾപ്പെടെ ഒക്ടോബർ 31-നു മുൻപായി ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

ബഹു. വികാരിയച്ചന്മാർ ഇടവക തലത്തിൽ ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ആവശ്യമെങ്കിൽ ഫാമിലി അപ്പോസ്റ്റലേറ്റ് ഭാരവാഹികൾ ഇടവകയിൽ വന്ന് അപേക്ഷകൾ കളക്ട് ചെയ്തുകൊള്ളാം. മാതൃകാ രജിസ്ട്രേഷൻ ഫോം ചുവടെ ചേർക്കുന്നു.

**രജിസ്ട്രേഷൻ ഫോം** (മലയാളത്തിൽ പൂരിപ്പിക്കുക)

| | | |
|---|---|---|
| ഭർത്താവ് - പേര് | : | ഫോട്ടോ |
| ഭാര്യ - പേര് | : | ഫോട്ടോ |
| വീട്ടുപേര് | : | |
| ഇടവക | : | |
| വിവാഹത്തീയതി | : | |
| ഫോൺ നമ്പർ | : | |

*FA 16/2020* **നന്ദി**

കഴിഞ്ഞ 2 വർഷക്കാലം ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാസമിതിയെ ത്യാഗോജ്ജ്വലവും സ്നേഹനിർഭരവുമായ ശുശ്രൂഷകൾ വഴി മുന്നോട്ടുനയിച്ച രൂപത ആനിമേറ്റർ റവ. സി. ജൂലി ഗ്രെയ്സ് SD -ക്ക് രൂപതാകുടുംബത്തിന്റെ സ്നേഹനിർഭരവും നന്ദിപൂർവ്വകവുമായ യാത്രാമംഗളങ്ങൾ.

*FA 17/2020* **ഫൊറോന ഡയറക്ടർമാർ**

ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. മാത്യു കാക്കനാട്ട് (മൈലക്കൊമ്പ്), ഫാ. ജോസഫ് മുളഞ്ഞനാനി (മൂവാറ്റുപുഴ), ഫാ. തോമസ് പോത്തനാമുഴി (ഊന്നുകൽ), ഫാ. ജോർജ്ജ് താനത്തുപറമ്പിൽ (മുതലക്കോടം) എന്നിവർക്കും അസിസ്റ്റന്റ് ഡയറക്ടറായ ഫാ. ജോർജ്ജ് നെടുങ്ങാട്ടിനും (മുതലക്കോടം) അനുമോദനങ്ങളും പ്രവർത്തന വിജയങ്ങളും ആശംസിക്കുന്നു.

*Director*

---

## മാതൃവേദി

*MV 24/2020* **മരിയൻ പ്രസംഗ മത്സര വിജയികൾ**

രൂപത മാതൃവേദി സംഘടിപ്പിച്ച മരിയൻ പ്രസംഗ മത്സരത്തിലെ വിജയികൾ :

1st Anija Salas Kottuppillil, Vadakodu
IInd Anu Nibu Vattakkunnel , Kallanickal
3rd Jilcy Sony Parayannilam, Karimannoor &
Marymole Gigi Pittappillil, Muvattupuzha

*MV 25/2020* **എട്ടുനോമ്പാചരണം**

മാതാവിന്റെ ജനനത്തിരുനാളിനൊരുക്കമായി 3 ലക്ഷത്തിലധികം നന്മനിറഞ്ഞമറിയമേ എന്ന പ്രാർത്ഥന മാതൃവേദിയംഗങ്ങൾചൊല്ലി അമ്മയ്ക്ക് പിറന്നാൾ സമ്മാനമായി സമർപ്പിച്ചു.

*MV 26/2020* **രൂപക്കൂട് അലങ്കാരം**

ഒക്ടോബർ മാസത്തിൽ നമ്മുടെ ഭവനത്തിലെ രൂപക്കൂട് മനോഹരമായി അലങ്കരിച്ച് പരി. അമ്മയോടുള്ള സ്നേഹം പ്രകടിപ്പിക്കാം. മനോഹരമായ രൂപക്കൂടുകൾക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

*MV 27/2020* **മരിയൻസാക്ഷ്യം**

പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി ജീവിതത്തിലനുഭവിച്ച ജീവിത സാക്ഷ്യങ്ങൾ പങ്കുവയ്ക്കുവാൻ സുവർണ്ണാവസരം നൽകുന്നു.

*MV 28/2020* **ജപമാലയജ്ഞം**

ജപമാല മാസത്തിൽ മാതാവിന്റെ സ്തുതിക്കായി ജപമാലകൾ ചൊല്ലി കാഴ്ചവയ്ക്കാം. ജപമാല യജ്ഞത്തിൽ എല്ലാവരും പങ്കുചേർന്ന് സഹകരിക്കുമല്ലോ.

*Director*

# DCMS

*DCMS 5/2020* **സംസ്ഥാനതല ജസ്റ്റീസ് സൺഡേ ആചരണം**

ജസ്റ്റീസ് സൺഡേ സംസ്ഥാനതല ആചരണം 2020 സെപ്റ്റംബർ 26 ശനിയാഴ്ച രാവിലെ 10.30 മുതൽ തെള്ളകം ആമോസ് സെന്ററിൽ വച്ച് നടത്തി. സമ്മേളനം ബഹു. ജസ്റ്റീസ് എബ്രാഹം മാത്യു (റിട്ട. ഹൈക്കോടതി ജഡ്ജി) ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ KCBC/SC/ST/BC കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ പ്രബന്ധമത്സരത്തിന്റെ സമ്മാനദാനം നിർവഹിച്ചു. അഭിവന്ദ്യ പിതാക്കന്മാർ, രൂപതാഡയറക്ടർമാർ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 20/2020* **ഫൊറോന ഭാരവാഹികൾ (തുടർച്ച)**

ആഗസ്റ്റ് 22-ന് കാളിയാർ ഫൊറോനയിലും 25-ന് മുതലക്കോടം, കരിമണ്ണൂർ ഫൊറോനകളിലും 26-ന് വാഴക്കുളം ഫൊറോനയിലും സെപ്റ്റംബർ 1-ന് കോതമംഗലം ഫൊറോനയിലും തെരഞ്ഞെടുപ്പുകൾ നടന്നു. പുതിയ ഭാരവാഹികളുടെ പേരുകൾ താഴെ കൊടുക്കുന്നു.

## കാളിയാർ ഫൊറോന

പ്രസിഡന്റ് – സണ്ണി കോലഞ്ചേരിൽ, വണ്ണപ്പുറം
വൈസ് പ്രസിഡന്റ് – റോജോ ജോസഫ് വടക്കേൽ, തൊമ്മൻകുത്ത്
സെക്രട്ടറി – ജോളി റാത്തപ്പിള്ളിൽ, കാളിയാർ
ജോ. സെക്രട്ടറി – ജോയി മാറാട്ടിൽ, തൊമ്മൻകുത്ത്
ട്രഷറർ – ജോസഫ് ചിരപ്പറമ്പിൽ, മുണ്ടൻമുടി

**വനിതാ വിഭാഗം**

പ്രസിഡന്റ് – ബിൻസി ജോസഫ് ചെറുകരയാലിങ്കൽ, തൊമ്മൻകുത്ത്
വൈസ് പ്രസിഡന്റ് – ബിജി മനോജ് ചായാടൻ, വണ്ണപ്പുറം
സെക്രട്ടറി – ബിന്ദു ജോസഫ് മുളഞ്ഞനാനിയിൽ, വണ്ണപ്പുറം
ജോ. സെക്രട്ടറി – ലുധീന ജോർജ്, തൊട്ടിയിൽ മുണ്ടൻമുടി
ട്രഷറർ – ബിൻസി ജോമോൻ പള്ളിപ്പറമ്പിൽ, മുണ്ടൻമുടി

## മുതലക്കോടം ഫൊറോന

പ്രസിഡന്റ് – കെ.സി. ബെന്നി കരിമ്പാനിയിൽ, മുതലക്കോടം
വൈസ് പ്രസിഡന്റ് – ജെയിംസ് കുര്യൻ മാറാട്ടിൽ, വാഴക്കാല
സെക്രട്ടറി – കെ.ഡി ഫ്രാൻസിസ് കരിങ്ങാട്ടിൽ, ചാലാശ്ശേരി
ജോ. സെക്രട്ടറി – റ്റി.വി. ബെന്നി തോട്ടുപാട്ട്, വണ്ടമറ്റം
ട്രഷറർ – ടോം ജെ. കല്ലറയ്ക്കൽ, മുതലക്കോടം

**വനിതാ വിഭാഗം**

പ്രസിഡന്റ് – ജിനി ബിജു അരകുന്നേൽ, മുതലക്കോടം
വൈസ് പ്രസിഡന്റ് – മറിയാമ്മ ബെന്നി തോട്ടുപാട്ട്, വണ്ടമറ്റം
സെക്രട്ടറി – ഡാനി സാബു മാറാടികുന്നേൽ, പാറപ്പുഴ
ജോ. സെക്രട്ടറി – ജോളി ജോൺസൺ പട്ടരുമഠം, ചാലാശ്ശേരി
ട്രഷറർ – ആലീസ് തോമസ് ചവണിയാങ്കൽ, ചാലാശ്ശേരി

## കരിമണ്ണൂർ ഫൊറോന

പ്രസിഡന്റ് – ജിബോയിച്ചൻ വടക്കൻ, ചെപ്പുകുളം
വർക്കിംഗ് പ്രസിഡന്റ് – കെ.ജെ. തോമസ് കണ്ടത്തിൻകര, നെയ്യശ്ശേരി
വൈസ് പ്രസിഡന്റ് – വി.ജെ. ചെറിയാൻ വെളിയത്ത്, കരിമണ്ണൂർ
സെക്രട്ടറി – ദേബാർ ജോസഫ് കൂന്താനം, ചീനിക്കുഴി
ജോ. സെക്രട്ടറി – ജോയി കുമ്പാട്ട്, കരിമണ്ണൂർ
ട്രഷറർ – എം.എം. ചാക്കോ മറ്റത്തിനാനിക്കൽ, ചെപ്പുകുളം

**വനിതാ വിഭാഗം**

പ്രസിഡന്റ് – സിനി ജോസഫ് മാണിവേലിൽ, ചീനിക്കുഴി
വൈസ് പ്രസിഡന്റ് – പ്രീത ജോണിച്ചൻ വാരികാട്ട്, ചിലവ്
സെക്രട്ടറി – ഷൈനി മാത്യു മാതാളികുന്നേൽ, ചെപ്പുകുളം

ജോ. സെക്രട്ടറി – നൈസി ദാനിയേൽ കുന്നേൽ, ഉടുമ്പന്നൂർ
ട്രഷറർ – സാലി ജോയി മറ്റപ്പിള്ളിൽ, ഉടുമ്പന്നൂർ

**വാഴക്കുളം ഫൊറോന**

പ്രസിഡന്റ് – വിനോദ് ജോൺ തെക്കേക്കര, ഏനാനല്ലൂർ
വൈസ് പ്രസിഡന്റ് – ഐപ്പച്ചൻ അയ്യങ്കോലിൽ, ബസ്ലഹം
സെക്രട്ടറി – സി.ജെ. ജോയി ചേറ്റൂർ, വാഴക്കുളം
ജോ. സെക്രട്ടറി – ജോർഡി ജോസഫ് മുട്ടംതോട്ടിൽ, ഏനാനല്ലൂർ
ട്രഷറർ – ഫ്രാൻസിസ് മാനുവൽ തടത്തിൽ, കദളിക്കാട്

**വനിതാ വിഭാഗം**

പ്രസിഡന്റ് – ടെസ്സി ജോർജ് കടിക്കാട്ട്, വടകോട്
വൈസ് പ്രസിഡന്റ് – ദീപ മാത്യു വടക്കേക്കുടിയിൽ, വാഴക്കുളം
സെക്രട്ടറി – ജാനറ്റ് പ്രദീപ് പൊട്ടയിൽ, ബസ്ലഹം
ജോ. സെക്രട്ടറി – ലില്ലി മാത്യു ആശാരികുടിയിൽ, വാഴക്കുളം
ട്രഷറർ – റെജീന ജിജി ചൊള്ളമ്പേൽ, നടുക്കര

**ഊന്നുകൽ ഫൊറോന**

പ്രസിഡന്റ് – മോൺസി ജോർജ് മങ്ങാട്ട്, ഊന്നുകൽ
വൈസ് പ്രസിഡന്റ് – കെ.എം. വർക്കി കുരുക്കൂർ, അംബികാപുരം
സെക്രട്ടറി – മാത്യു പൊന്നെടുത്തകല്ലേൽ, ഊന്നുകൽ
ജോ. സെക്രട്ടറി – അലോഷ്യസ് മാനുവൽ അറയ്ക്കൽ, ഊന്നുകൽ
ട്രഷറർ – ബേബിച്ചൻ മങ്ങാട്ട്, ഊന്നുകൽ

**വനിതാ വിഭാഗം**

പ്രസിഡന്റ് – മെറ്റി റ്റോബൻ ഇല്ലിപ്പറമ്പിൽ, ഊന്നുകൽ
വൈസ് പ്രസിഡന്റ് – സിബിയ ജിൻസൺ തണ്ടിപ്പറമ്പിൽ, നേര്യമംഗലം
സെക്രട്ടറി – റീന സജി വരയനാട്ട്, ഊന്നുകൽ
ജോ. സെക്രട്ടറി – ജസ്സി രാജൻ നടയപ്പിള്ളിൽ, നേര്യമംഗലം
ട്രഷറർ – ബിന്ദു റ്റോബി റാത്തപ്പിള്ളിൽ, അംബികാപുരം

**കോതമംഗലം ഫൊറോന**

പ്രസിഡന്റ് – ഡിഗോൾ കെ. ജോർജ് കൊളമ്പേൽ, വെളിയേൽച്ചാൽ
വൈസ് പ്രസിഡന്റ് – ബിജു ജോസ് കുന്നുംപുറത്ത്, കോതമംഗലം
സെക്രട്ടറി – ജോൺസൺ ആന്റണി പോത്താനിക്കാട്ട്, കോതമംഗലം
ജോ. സെക്രട്ടറി – അഡ്വ. വി.യു ചാക്കോ വറങ്ങലക്കുടിയിൽ, മാതിരപ്പിള്ളി
ട്രഷറർ – സജിത്ത് ഹിലാരി ജോസഫ് പാറപ്പുറം, മാതിരപ്പിള്ളി

**വനിതാ വിഭാഗം**

പ്രസിഡന്റ് – ഷീല രാജു പാലയ്ക്കൽ, കോതമംഗലം
വൈസ് പ്രസിഡന്റ് – ലില്ലിക്കുട്ടി ജോസ് കുന്നുംപുറത്ത്, തൃക്കാരിയൂർ

സെക്രട്ടറി – ബെറ്റി കോരച്ചൻ കാക്കനാട്ട്, നെല്ലിമറ്റം
ജോ. സെക്രട്ടറി – പൗളി റോയി ചാത്തംകോട്ട്, കോട്ടപ്പടി
ട്രഷറർ – ജോളി സജി കുളത്തിങ്കൽ, നെല്ലിക്കുഴി

*DFC 21/2020* **രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ**

ആഗസ്റ്റ് 4-ാം തീയതി മുതലക്കോടം ചർച്ച് മിനി പാരീഷ് ഹാളിൽ വച്ചും സെപ്റ്റംബർ 4-ാം തീയതി മൂവാറ്റുപുഴ നിർമ്മല HS-ൽ വച്ചും DFC രൂപത കമ്മറ്റിയോഗങ്ങൾ നടന്നു. ഫൊറോനകളിൽ നടന്ന തെരഞ്ഞെടുപ്പുകളുടെ അവലോകനവും രൂപതാ തെരഞ്ഞെടുപ്പ് നടത്തേണ്ടതിനെക്കുറിച്ചും ചർച്ച ചെയ്തു. സെപ്റ്റംബർ 21-ാം തീയതിയിലെ ഗവൺമെന്റിന്റെ അൺലോക്ക് പ്രഖ്യാപനത്തിനുശേഷം അതിലെ മാനദണ്ഡങ്ങൾ അനുസരിച്ച് രൂപതാതെരഞ്ഞെടുപ്പ് നടത്താമെന്ന് തീരുമാനിച്ചു.

*DFC 22/2020* **മുതലക്കോടം ഫൊറോനകമ്മിറ്റി കമ്മറ്റിയോഗം**

സെപ്റ്റംബർ 7-ാം തീയതി മുതലക്കോടം ചർച്ച് മിനി പാരീഷ് ഹാളിൽ വച്ച് DFC ഫൊറോനയുടെ കീഴിലുള്ള ഇടവകകളിൽ ദീപിക പത്രം വിതരണം ചെയ്യുന്ന ഏജന്റുമാരെ ആദരിക്കുവാനായി സെപ്റ്റംബർ 27 ഞായറാഴ്ച 2.30-ന് മുതലക്കോടം ചർച്ച് മിനി പാരീഷ് ഹാളിൽ വച്ച് യോഗം ചേരുവാനും അവർക്ക് പാരിതോഷികങ്ങൾ നൽകുവാനും തീരുമാനിച്ചു.

*Co-ordinator*

---

# യുവദീപ്തി

*YD 33/2020* **നന്ദിയും സ്വാഗതവും**

കഴിഞ്ഞ ഒരുവർഷക്കാലം ഫൊറോന ഡയറക്ടർമാരും അസി. ഡയറക്ടർമാരുമായി സേവനമനുഷ്ഠിച്ച എല്ലാ ബഹു. വൈദികർക്കും കെ.സി.വൈ.എം. രൂപതാകുടുംബത്തിന്റെ പേരിൽ നന്ദിയർപ്പിക്കുന്നു.

ഈ വർഷം ഫൊറോന ഡയറക്ടർമാരും അസി. ഡയറക്ടർമാരുമായി നിയമിതരായിരിക്കുന്ന എല്ലാ ബഹു. അച്ചന്മാർക്കും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## Forane Directors and Asst. Directors

| | | |
|---|---|---|
| Kothamangalam | - | Fr Kuriakose Kannampalliyil |
| | | Fr George Peechanikunnel (Asst.) |
| Arakuzha | - | Fr Antony Njaliparambil |
| Kaliyar | - | Fr Sebastian Konthempillil |
| Karimannoor | - | Fr Stanly Pulprayil |
| | | Fr Paul Kalathoor (Asst.) |
| Mailacombu | - | Fr Thomas Vattathottathil |
| Marika | - | Fr George Kurisummoottil |
| | | Fr Joseph Vadakkedath (Asst.) |
| Muthalakodam | - | Fr Joseph Niravath |
| Muvattupuzha | - | Fr Jacob Mannathukaran |
| Oonnukal | - | Fr Antony Maliyeckal |
| Paingottoor | - | Fr Johnson Oroplackal |
| | | Fr Mathew Tharappil (Asst.) |
| Thodupuzha | - | Fr Sebastian Kanimattathil |
| | | Fr Martin Kachiraparekudiyil (Asst.) |
| Vazhakulam | - | Fr Jose Pulparambil |
| | | Fr John Vadakken (Asst.) |

*YD 34/2020* **Madre Mia**

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാളിനോടനുബന്ധിച്ച് കോതമംഗലം രൂപതയിലെ യുവജനങ്ങൾ ഒന്നു ചേർന്ന് ജപമണി മാലകൾ മാതാവിന് സമർപ്പിച്ചു. സെപ്റ്റംബർ 8–ാം തിയതി വൈകിട്ട് 6 മണിക്ക് മൂവാറ്റുപുഴ നിർമ്മലമാതാ ദൈവാലയത്തിൽ രൂപതാ സമിതി ഒരുമിച്ചു ചേർന്ന് ആരാധനയോടു കൂടി ജപമാല അർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് 12 ഫൊറോനകൾ, 3 ഫൊറോനകൾ അടങ്ങുന്ന 3 ഗ്രൂപ്പുകളായി തിരിഞ്ഞ് zoom meeting വഴി മുൻകൂട്ടി നിശ്ചയിച്ച സമയങ്ങളിൽ പ്രാർത്ഥിക്കുകയും ചെയ്തു. നിർമ്മലമാതാ യൂണിറ്റ് ഡയറക്ടർ അച്ചനും യൂണിറ്റംഗങ്ങൾക്കും ആനിമേറ്റർ സിസ്റ്ററിനും രൂപതാസമിതിയുടെ നന്ദി.

*YD 35/2020* **ജപമാലഭക്തി**

ഒക്ടോബർ മാസം ജപമാല മാസമായി നാം ആചരിക്കുകയാണല്ലോ. യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയിലെ യുവജനങ്ങൾ ഒരുമിച്ച് ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ എല്ലാ ദിവസവും വൈകന്നേരം 6.30 മുതൽ 7 വരെ ജപമാല ചൊല്ലുവാൻ ആഗ്രഹിക്കുന്നു. കെ.സി.വൈ.എം. ന്റെ official Youtube channel വഴി ജപമാലയർപ്പണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ആവശ്യത്തിലേക്കായി താത്പര്യമുള്ള യൂണിറ്റുകൾ ദിവ്യകാരുണ്യാരാധനയോടൊപ്പം ജപമാല ചൊല്ലുന്ന അര മണിക്കൂർ ദൈർഘ്യമുള്ള ഒരു വീഡിയോ എടുത്തു തരുവാൻ ഉത്സാഹിക്കുമല്ലോ. യൂണിറ്റ് ഡയറക്ടർ അച്ചൻമാരും പ്രസിഡന്റുമാരും ആനിമേറ്റർ സിസ്റ്റർമാരും ഇക്കാര്യത്തിൽ താത്പര്യം പ്രകടിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

*YD 36/2020* **രൂപതാ കമ്മറ്റി**

Covid-19 വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സെപ്റ്റംബർ മാസത്തിലെ രൂപതാ എക്സിക്യൂട്ടീവ് zoom പ്ലാറ്റ് ഫോമിൽ ഒരുമിച്ചു കൂടുകയുണ്ടായി. ഓഗസ്റ്റ് മാസത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജപമാല മാസാചരണം എപ്രകാരമായിരിക്കണം എന്ന് ചർച്ച ചെയ്യുകയും ചെയ്തു.

*YD 37/2020* **ഉത്സവ് 2020**

**ഓൺലൈൻ മത്സരവിജയികൾ**

Covid-19 രോഗവ്യാപന സാഹചര്യത്തിൽ നാടെങ്ങും ലോക് ഡൗൺ ആയിരുന്ന സമയത്ത് യുവദീപ്തി KCYM രൂപതാ തലത്തിൽ നടത്തിയ 'ഉത്സവ് 2020' കലാമത്സര വിജയികൾ.

**1. ടിക് ടോക്**

I വിജിൻസ് വിൻസന്റ്, വാഴക്കുളം യൂണിറ്റ്

II ഫെമി ബേബി, വാഴക്കുളം യൂണിറ്റ്

III റിജിൽ ജോയി, കലയന്താനി യൂണിറ്റ്

ജൂബി ജാക്സൺ, മുതലക്കോടം യൂണിറ്റ്

**2. പ്രസംഗം**

I ലിഡിയ തെരേസ് പയസ്, വാഴക്കുളം യൂണിറ്റ്

II അമൽ ഷാജു, മുതലക്കോടം യൂണിറ്റ്

III മിഥു ബാബു, വഴക്കുളം യൂണിറ്റ്
അർപ്പിത മാത്യു, മുതലക്കോടം യൂണിറ്റ്

**3. മോണോ ആക്ട്**

I അമിത ജോഷി, കാളിയാർ യൂണിറ്റ്

**4. സോളോ**

I ഹർഷ ജോമി, തൊടുപുഴ യൂണിറ്റ്
II അലീന ജോർജ്, വാഴക്കുളം യൂണിറ്റ്
III ലിയ ജോർജ്, വാഴക്കുളം യൂണിറ്റ്
റിയ ജോർജ്, വാഴക്കുളം യൂണിറ്റ്

**5. യുവദീപ്തി ആന്തം**

I കരിമണ്ണൂർ യൂണിറ്റ്
II വാഴക്കുളം യൂണിറ്റ്
III ആരക്കുഴ യൂണിറ്റ്

*Director*

# ജീസസ് യൂത്ത്

*JY 11/2020*

ജീസസ് യൂത്ത് ഇന്ത്യ ഓഗസ്റ്റ് മാസം ഹൗസ്ഹോൾഡ് മാസമായി ആഘോഷിച്ചു. അതിന്റെ ഭാഗമായി കോതമംഗലം സോണിൽ ഓഗസ്റ്റ് 1 ന് ഹൗസ്ഹോൾഡ് മാസത്തിന്റെ ആഘോഷങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. തുടർന്ന് ഹൗസ്ഹോൾഡുകളും ഓഗസ്റ്റ് 30–ന് ഫൈനൽ gathering ഉം നടത്തപ്പെട്ടു. ഓഗസ്റ്റ് 15–ന് ഹൗസ് ഹോൾഡുകൾക്ക് വേണ്ടി പ്രത്യേകം ആരാധനയും കരുണക്കൊന്തയും നടത്തി.

*JY 12/2020*

ടീനേജേഴ്സിനായി ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ TOC (ടീൻസ് ഓഫ് ക്രൈസ്റ്റ്) പ്രോഗ്രാം നടത്തപ്പെട്ടു.

*JY 13/2020*

Restart എന്ന പേരിൽ ക്യാമ്പസ് വിദ്യാർത്ഥികൾക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു. പല modules ആയി നടത്തപ്പെട്ട പ്രോഗ്രാമിൽ നൂറോളം പേർ പങ്കെടുത്തു.

*JY 14/2020*

സോണിൽ പുതുതായി commitment എടുത്തവർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം EDGE (Every Day God Encounter), സെപ്റ്റംബർ 6-ന് ആരംഭിച്ചു.

*JY 15/2020*

ഇന്റർസെഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. 55 ഓളം പേർ പങ്കെടുത്തു. 1 മുതൽ 8 വരെ ഇന്റർസെഷൻ വീക്ക് ആയി ആഘോഷിച്ചു. തുടർച്ചയായി 8 ദിവസം അര മണിക്കൂർ ആരാധനയും നടത്തി.

*JY 16/2020*

ജീസസ് യൂത്ത് ഫോർമേഷന്റെ ഭാഗമായി ഓൺലൈൻ കോഴ്സ് നടത്തപ്പെടുന്നു. കോഴ്സിന്റെ 2 മൊഡ്യൂൾ പൂർത്തിയായി. 36 പേർ പങ്കെടുത്തു.

*JY 17/2020*

'കരുതലിന്റെ കൈത്താങ്ങ്' എന്ന പേരിൽ നല്ല അയൽക്കാരൻ പദ്ധതിയുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 600 രൂപയുടെ ഫുഡ് കിറ്റ് ഈ മാസം വിതരണം ചെയ്യുന്നു. ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഡയസ് മാത്യു 8281817401

*Animator*

# കത്തോലിക്കാ കോൺഗ്രസ്

*CC 15/2020* **ഹാർട്ട് ലിങ്ക്സ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ 'ഹാർട്ട് ലിങ്ക്സ്' രൂപീകരിച്ചു. പാവപ്പെട്ടവരെ സഹായിക്കാൻ താല്പര്യമുള്ള സുമനസ്സുകളുടെ കൂട്ടായ്മയാണ് ഹാർട്ട് ലിങ്ക്സ്. അന്തർദേശീയ തലത്തിൽ രൂപീകൃതമായ ഈ കൂട്ടായ്മയ്ക്ക് ഇതിനോടകം തന്നെ വലിയ സ്വീകാര്യതയാണ് ലഭിച്ചിരിക്കുന്നത്.

സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ആല ഞ്ചേരി പിതാവ് 05-09-2020-ൽ ഒരു ഓൺലൈൻ മീറ്റിംഗിലൂടെ ഹാർട്ട്ലിങ്ക്സിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നിർവഹിച്ചു. കത്തോ ലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം അദ്ധ്യക്ഷനായിരുന്ന ഈ മീറ്റിംഗിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഹാർട്ട്ലിങ്ക്സിന് ആശംസ കൾ നേർന്നു സംസാരിച്ചു.

*CC 16/2020* **ഹാർട്ട് ലിങ്ക്സ് വീട് പണിയുന്നു**

കത്തോലിക്കാ കോൺഗ്രസ് ഹാർട്ട് ലിങ്ക്സിന്റെ ആദ്യസംരംഭ മായി തൊടുപുഴ ഇടവകയിലെ ശ്രീ. എം.കെ. ഔസേപ്പ് മുളംകൊമ്പി ലിന് വീട് പണിതു കൊടുക്കും. ഏകസ്ഥനായ ശ്രീ. ഔസേപ്പ് താമ സിച്ചിരുന്ന വീട് 16.07.2020-ൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ തകർന്നു വീണു. സ്വന്തമായി വീട് പുനരുദ്ധരിക്കാൻ ശേഷിയില്ലാത്ത ശ്രീ. ഔസേപ്പ് വീട് പണിതു കൊടുക്കാൻ സഹായിക്കാനായി കത്തോലിക്കാ കോൺഗ്രസിനെ സമീപിക്കുകയായിരുന്നു.

കത്തോലിക്കാ കോൺഗ്രസ് പുതിയതായി രൂപീകരിച്ച ഹാർട്ട്ലിങ്ക്സിൽപ്പെടുത്തി ശ്രീ. ഔസേപ്പിന് 4 ലക്ഷം രൂപ മുടക്കി വീട് പണിതു കൊടുക്കാൻ തീരുമാനിച്ചു. ഈ വീടിന്റെ നിർമ്മാണ പ്രവർത്തനോദ്ഘാടനം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയ ന്നിലം 07-09-2020-ൽ നിർവഹിച്ചു. കത്തോലിക്കാ കോൺഗ്രസ് കോത മംഗലം രൂപതാ ഡയറക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിൽ 08.09.2020-ൽ പ്രസ്തുത വീടിന് തറക്കല്ലിട്ടു. തൊടുപുഴ ഫൊറോന പള്ളി വികാരി റവ. ഡോ. ജിയോ തടിക്കാട്ട് കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ ഭാരവാഹികൾ, ശ്രീ. ഔസേപ്പിന്റെ സഹപാഠികൾ തുടങ്ങിയവർ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഈ തറക്കല്ലീടിൽ ചടങ്ങിൽ പങ്കെടുത്തു. മൂന്നുമാസം കൊണ്ട് ഈ വീടിന്റെ പണിപൂർത്തിയാക്കാൻ സാധിക്കുന്ന രീതിയിലാണ് ക്രമീ കരിച്ചിരിക്കുന്നത്.

*Director*

# അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 11/2020*

1. SFO കോതമംഗലം രൂപതയുടെ പുതിയ ഡയറക്ടർ ആയി Rev. Fr. വർഗീസ് വാഴയിൽ OFM Cap നിയമിതനായി. അച്ചൻ മുൻപ് ഇടുക്കി രൂപതയുടെ ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചുവരികയായിരന്നു. പള്ളിക്കാമുറി St. Michael ആശ്രമത്തിന്റെ superior ആയും അദ്ദേഹം പ്രവർത്തിക്കുന്നു.
2. September 13-ാം തിയതി പള്ളിക്കാമുറി ആശ്രമത്തിൽ ബഹു. വർഗീസ് അച്ചന്റെ സാന്നിധ്യത്തിൽ റീജിയണൽ മിനിസ്റ്റർമാരുടെ യോഗം ചേർന്നു. യോഗത്തിൽ പുതിയ ഡയറക്ടർ അച്ചനെ സ്വാഗതം ചെയ്തു. ഓൺലൈൻ യോഗങ്ങൾ വിപുലീകരിച്ചു മുന്നോട്ടുപോകുവാനുള്ള നയപരിപാടികൾക്ക് രൂപം നൽകി. രൂപത മിനിസ്റ്റർ Br. അരുൺ ജോർജ്, മറ്റു റീജിയണൽ മിനിസ്റ്റർമാരായ Br. സോജൻ നടുക്കുടി, Br. ടെൻസൺ, രൂപതാ vice minister Br. തോമസ് K J എന്നിവർ സന്നിഹിതരായിരുന്നു.
3. ഓണത്തോടനുബന്ധിച്ച് സെന്റ് ജോർജ് ജ്യോതിഭവൻ കാവക്കാട്, കുന്നിക്കുരിടി ബഥനി ആശ്രമം എന്നിവിടങ്ങളിൽ സാമ്പത്തിക സഹായവും, കാരക്കുന്നം പ്രൊവിഡൻസ് ഹോമിൽ അരിയും മറ്റും വിതരണം ചെയ്യുകയും ചെയ്തു.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 9/2020*

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണമുന്നേറ്റം കോതമംഗലം സോണിന്റെ നേതൃത്വത്തിൽ ഓൺലൈനിൽ കൂടിയുള്ള പ്രാർത്ഥനകൾ എട്ടു സബ് സോണുകളിലും തുടരുന്നു. സോൺ സർവീസ് ടീം സബ് സോണുകളിലേക്കുള്ള വിസിറ്റ് ഓൺലൈൻ മീഡിയ വഴി ആഴ്ചയിൽ രണ്ടു ദിവസം (ബുധൻ, വ്യാഴം ദിവസങ്ങളിൽ) നടന്നു

വരുന്നു. പ്രാർത്ഥനാഗ്രൂപ്പുകൾ ഇടവക തലങ്ങളിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മിനിസ്ട്രികൾ സോൺ തലത്തിൽ ശക്തിപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി എട്ടു മിനിസ്ട്രികൾക്കും, രണ്ടു കൗൺസിലുകൾക്കും സർവീസ് ടീം രൂപീകരിക്കാൻ തീരുമാനിക്കുകയും അഞ്ച് മിനിസ്ട്രികൾക്ക് സർവീസ് ടീം രൂപീകരിക്കുകയും താഴെ പറയുന്നവരെ മിനിസ്ട്രി കോ ഓർഡിനേറ്റർമാരായി തിരഞ്ഞെടുക്കുകയും ചെയ്തു. തുവാനിസ മിനിസ്ട്രി - ലീലാമ്മ ജോസ്, കെരിഗ്മ മിനിസ്ട്രി - അഡ്വ. സിസി സാബു, മധ്യസ്ഥ പ്രാർത്ഥന - ബേബി. V.L, ലോർഡ്സ് കപ്പിൾസ് - P. U. ജെയിംസ്, ജീവജ്വാല - ജോളി പോൾ.

ഓരോ മിനിസ്ട്രിക്കും സബ് സോൺ തലത്തിലും പത്തു പേരെ ഉൾപ്പെടുത്തി സർവീസ് ടീം രൂപീകരിക്കുകയും, എട്ടു മിനിസ്ട്രികൾക്കും രണ്ടു കൗൺസിലുകൾക്കുമായി ആയിരം പേരടങ്ങുന്ന ശക്തമായ സർവീസ് ടീം നിലവിൽ വരികയും പ്രാർത്ഥനാഗ്രൂപ്പുകൾ ശക്തിപ്പെടുത്തുകയും ചെയ്യും. ഈ പ്രവർത്തനങ്ങൾക്കും, പ്രാർത്ഥനകൾക്കും സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോൺ കോ ഓർഡിനേറ്റർ ജോൺസൺ കാനത്തിൽ, സെക്രട്ടറി സണ്ണി പോൾ, സോണൽ സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

*Director*

---

# കേരള ലേബർ മൂവ്മെന്റ്

*KLM 19/2020* **തൊഴിലാളി ക്ഷേമനിധി**

കേരള ലേബർ മൂവ്മെന്റ് വഴി വിവിധ സർക്കാർ ക്ഷേമനിധികളിൽ ചേരാൻ അവസരം. 18 വയസ്സിനും 55 വയസ്സിനും ഇടയിലുള്ളവർക്ക് അംഗമായി ചേരാം.

- തയ്യൽ തൊഴിലാളി ക്ഷേമനിധി
- നിർമ്മാണ തൊഴിലാളി ക്ഷേമനിധി

- തോട്ടം തൊഴിലാളി ക്ഷേമനിധി
- അസംഘടിത തൊഴിലാളി ക്ഷേമനിധി
- മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി
- പീടിക തൊഴിലാളി ക്ഷേമനിധി
- കർഷക തൊഴിലാളി ക്ഷേമനിധി
- പ്രവാസി ക്ഷേമനിധി

എന്നീ 8 ക്ഷേമനിധികളിൽ ഏതെങ്കിലും ഒന്നിൽ അംഗമായി ചേർന്നുകൊണ്ട് താൽപര്യമുള്ള എല്ലാവർക്കും സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളിൽ അർഹരാകാം. അംഗമായി ചേരുന്നവർക്ക് അവശതാ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, പ്രസവ ആനുകൂല്യം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കാനും ക്ഷേമനിധി അംഗത്വം നിർബന്ധമാണ്. കോവിഡ് 19-തുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച 1000 രൂപയുടെ പ്രത്യേക ധനസഹായം നമ്മുടെ രൂപതയിൽ ലേബർ മൂവ്മെന്റ് വഴി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്ന 800 ൽ പരം ആളുകൾക്ക് ലഭിക്കുകയുണ്ടായി. ക്ഷേമനിധിയെ സംബന്ധിച്ച വിശദ വിവരങ്ങളും അപേക്ഷാ ഫോറവും ലേബർ മൂവ്മെന്റിന്റെ www.klmkothamangalameparchy.com എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കെ.എൽ.എം.-ന്റെ ഓഫീസ് നമ്പറിൽ ബന്ധപ്പെടുക (9188778180).

### *KLM 20/2020* പരസ്പര സഹായ സാമൂഹ്യ സുരക്ഷാ പദ്ധതി

ലേബർ മൂവ്മെന്റിന്റെ പരസ്പര സഹായ സാമൂഹ്യ സുരക്ഷാ പദ്ധതി വഴി കഴിഞ്ഞ വർഷം 100-ൽ പരം ആളുകൾക്ക് ചികിത്സാ സഹായം ലഭിക്കുകയുണ്ടായി. കെ. എൽ. എം. തൃശൂർ അതിരൂപതയുമായി ചേർന്ന് നടത്തുന്ന ഈ പദ്ധതിയിൽ 1600 രൂപ അടച്ച് അംഗമായി ചേരുന്നവരുടെ കുടുംബത്തിന് 30000 രൂപ വരെ ധനസഹായം ലഭിക്കും.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Mgr. | Keerampara Francis | **October** | 4 |
| Rev. Fr. | Alappatt Francis | " | 4 |
| " | Athickal Francis | " | 4 |
| " | Kannadan Francis | " | 4 |
| " | Karikunnel Francis | " | 4 |
| " | Nampiaparampil Francis | " | 4 |
| " | Nandalath Francis | " | 4 |
| " | Pittappillil Francis | " | 4 |
| " | Cheripuram Abraham | " | 9 |
| " | Parackal Abraham | " | 9 |
| " | Perumpanany Abraham | " | 9 |
| " | Niravathinal Abraham | " | 9 |
| " | Njaralakatt Luke | " | 18 |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| മോൺ. ഫ്രാൻസിസ് തെക്കേക്കര | ചരമദിനം | 04-11-1963 |
| ഫാ. സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി | " | 04-11-1966 |
| ഫാ. ജെയിംസ് വെമ്പിള്ളി | " | 08-11-2016 |
| ഫാ. അബ്രാഹം കാഞ്ഞിരത്തിങ്കൽ | " | 09-11-1964 |
| ഫാ. ജോർജ് പുൽപ്ര | " | 09-11-2018 |
| ഫാ. മാത്യു തൊട്ടിയിൽ | " | 10-11-2000 |
| ഫാ. അബ്രാഹം മാളിയേക്കൽ | " | 12-11-1960 |
| ഫാ. ജോൺ വഴുതനപ്പിള്ളി | " | 21-11-1978 |
| ഫാ. മാത്യു വടക്കേക്കര | " | 21-11-2012 |
| ഫാ. ജോർജ് നെടുങ്ങാട്ട് | " | 22-11-1995 |
| ഫാ. അബ്രാഹം പുളിക്കൽ | " | 26-11-2014 |
| ഫാ. ജോർജ് തയ്യിൽ | " | 27-11-1962 |

# നിര്യാതരായി

## റവ. സി. മെല്ലോ CMC (നെടുങ്കല്ലേൽ)

| | | |
|---|---|---|
| ഇടവക | - | കല്ലൂർക്കാട് |
| ജനനം | - | 15-07-1993 |
| ആദ്യവ്രതം | - | 01-05-1957 |
| നിത്യവ്രതം | - | 29-05-1960 |
| മരണം | - | 09-09-2020 |
| മൃതസംസ്കാരം | - | 10-09-2020 (ആരക്കുഴ മഠം) |

## റവ. സി. ഗൽഗാനി CMC (കട്ടിമറ്റം)

| | | |
|---|---|---|
| ഇടവക | - | ഇലഞ്ഞി |
| ജനനം | - | 12-02-1927 |
| ആദ്യവ്രതം | - | 12-02-1951 |
| നിത്യവ്രതം | - | 02-01-1957 |
| മരണം | - | 11-09-2020 |
| മൃതസംസ്കാരം | - | 12-09-2020 (മൂവാറ്റുപുഴ ഹോളി മാഗി പള്ളി) |

## റവ. സി. റ്റീന MSJ (കൊച്ചുകരോട്ട്)

| | | |
|---|---|---|
| ഇടവക | - | നാടുകാണി |
| ജനനം | - | 14-05-1949 |
| ആദ്യവ്രതം | - | 08-09-1969 |
| നിത്യവ്രതം | - | 08-09-1978 |
| മരണം | - | 16-09-2020 |
| മൃതസംസ്കാരം | - | 17-09-2020 (തങ്കളം) |

## സി. ജെസ്റ്റി FCC (മണ്ണൂർ)

| | | |
|---|---|---|
| ഇടവക | - | മാറിക |
| ജനനം | - | 15 -03-1945 |
| ആദ്യവ്രതം | - | 11-01-1968 |
| നിത്യവ്രതം | - | 01-05-1974 |
| മരണം | - | 20-09-2020 |
| മൃതസംസ്കാരം | - | 21-09-2020 (ഈസ്റ്റ് വാഴപ്പിള്ളി) |



St. Little Flower



Guardian Angel




St. Francis Assisi



St. Teresa of Avila



Bl. Kunjachan



St. Ignatius of Antioch



St. Luke




St. Simon & Jude

Deivarajyam October 2020
●R.N.7623/63
Registered No. KL/ALY/0020/2020-2022
Date of publication: 1/10/2020
●Posted at Thodupuzha Stg.
Annual Subscription ₹ 100.00



Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691